
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം ആഗസ്റ്റ് 2022 വാർഷിക വരിസംഖ്യ ₹100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



## മാതാവിനോടുള്ള പ്രാർത്ഥന....

പാപിക്കഭയം നല്കാൻ നിത്യം
മാതാവേ, നിൻ
പ്രാർത്ഥന തുണയായ് തീരേണം.
ശാശ്വതമാകും ശാന്തിവരിക്കാൻ
നാഥേ, ഞങ്ങൾ
തേടുന്നു നിൻ കാരുണ്യം.
മാതാവേ, നിൻ പ്രാർത്ഥനയാലേ
തിരുസ്സഭ മകുടം ചൂടട്ടെ.
ആടുകളിടയനെയറിയട്ടെ
വിശ്വാസികളുടെ ഹൃദയത്തിൽ
ദൈവികദാനം പൊഴിയട്ടെ
പാപത്തിൻ വഴി വിട്ടകലാൻ.
ദൈവം തൻപ്രിയമക്കൾക്കായ്
അമ്മേ, നീ വഴി നല്കുന്നു
നിത്യം ദാനങ്ങൾ.
(ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങൾ-ബുധൻ -ലെലിയ).



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ഏലിയാ - സ്ലീവാ, മൂശെ ലക്കം ആഗസ്റ്റ് 2022

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

## ഉള്ളടക്കം


- സഭ: പ്രേഷിതസമൂഹം 5
- ഏലിയാ- സ്ലീവാ, മൂശെക്കാലങ്ങൾ: ശുഭപ്രതീക്ഷ ഉണർത്തുന്ന കാലങ്ങൾ 7
- സ്നേഹിച്ചു മതിയായില്ല... 10
- നവീകൃത സംവാദ പാതകൾ 12
- വഴിതെറ്റാതെ ലക്ഷ്യത്തിലേക്ക് 14
- വിശുദ്ധി = ശാന്തത 16
- ഹന്നാ 17
- ട്രാക്ക് തെറ്റി ഓടരുതേ... 19
- പറുദീസായിലേയ്ക്കൊരു യാത്ര 21
- ഭ്രാന്ത് 23
- അവൻ എനിക്ക് ആരാണ്? 25
- സെനക്കിൾ തരംഗം 27
- ദുഷ്ടനെ ദൂരെ അകറ്റുക 28
- അമ്മയോടൊപ്പം 30



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
**എഡിറ്റോറിയൽ ബോർഡ്**
ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**
മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**
എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**
പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**
അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil**
സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**
ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**



വാർഷിക വരിസംഖ്യ ₹ 100/-
കവർ ഡിസൈനിംഗ്, ലേഔട്ട് & പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

# കരുണയോടെ വർത്തിക്കാം

മഹത്ത്വപൂർണ്ണവും ഭീതിജനകവുമായ അന്ത്യവിധിയുടെ മഹാദിനത്തെ അനുസ്മരിപ്പിക്കുന്ന ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങൾ. താബോർമലയിലെ രൂപാന്തരീകരണവും കുരിശിന്റെ പുകഴ്ച യുടെ തിരുനാളും ആഘോഷിക്കുന്നതോടൊപ്പം സ്വന്തം വിധിയെക്കുറിച്ച് ഓരോരുത്തരും ധ്യാനിക്കേണ്ട സമയം. പതിവുപോലെ അന്ത്യവിധിയുടെ ചോദ്യാവലിയും മറ്റു വായനകളും വ്യാഖ്യാനങ്ങളും കേട്ടു കടന്നുപോകുന്നവരാകാതെ ഒരു ആന്തരിക വിചിന്തനത്തിനും മാറ്റ ത്തിനും നമുക്കു തയ്യാറാകാം. അല്ലെങ്കിൽ ഈ കാലവും നമ്മെ സ്പർശിക്കാതെ കടന്നു പോകും.

അന്ത്യവിധിയുടെ ചോദ്യാവലിയിലൂടെ കാരുണ്യപ്രവൃത്തികളുടെ പ്രാധാന്യത്തെ ഈശോ അടിവരയിട്ടു കാണിക്കുകയാണ്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25,40); "ഈ ഏറ്റവും എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്" (മത്താ 25,45) എന്നീ വാക്കുകളിലൂടെ നമുക്കു താല്പര്യമുള്ളവരല്ല; മറിച്ച് നമ്മെക്കൊണ്ട് ആവശ്യമുള്ളവരും ദൈവം ആഗ്രഹിക്കുന്നവരുമാണ് നമ്മുടെ സഹായത്തി നർഹർ എന്നാണല്ലോ അവിടുന്നു വ്യക്തമാക്കുക!

കാരുണ്യപ്രവൃത്തികളുടെ ആദ്യപകുതിയും ജീവകാരുണ്യപ്രവർത്തനങ്ങളാണെങ്കിലും അതിൽ ഒതുങ്ങിനിൽക്കേണ്ടവരല്ല തന്റെ അനുയായികൾ എന്ന് ഈശോ തന്റെ വിവിധങ്ങളായ പ്രബോധനങ്ങളിലൂടെ നമുക്കു വ്യക്തമാക്കിത്തന്നിട്ടുണ്ട്. തിരുസഭാമാതാവു നമുക്കു നൽകി യിരിക്കുന്ന കാരുണ്യപ്രവൃത്തികളുടെ ആദ്യപകുതി ശാരീരികം എന്നും രണ്ടാം പകുതി ആദ്ധ്യാ ത്മികം എന്നും ആണല്ലോ അറിയപ്പെടുക.

ജീവകാരുണ്യപ്രവർത്തനങ്ങൾ നല്ല മനസ്സോടെയും, പേരിനും പെരുമയ്ക്കും വേണ്ടിയും നമുക്കു ചെയ്യാം. എന്നാൽ ഈ രണ്ടാം പകുതി ചെയ്യണമെങ്കിൽ അത്യഗാധമായ എളിമ നമ്മുടെ ജീവിതത്തിൽ ഉണ്ടായേ പറ്റൂ. വിശക്കുന്നവർക്ക് അന്നം കൊടുക്കുന്നതോടൊപ്പം ശാരീരികമായ വിശപ്പും ദാഹവും അനുഭവപ്പെടാത്ത നിത്യാനന്ദത്തെക്കുറിച്ചുള്ള അറിവും കൊടുക്കേണ്ടവ രാണു നാം. അപരന്റെ ദുഃഖങ്ങളിൽ ആശ്വാസമേകുവാനും തെറ്റു ചെയ്യുമ്പോൾ സ്നേഹബുദ്ധ്യാ തിരുത്തുവാനും കുറവുകളും ഉപദ്രവങ്ങളും ക്ഷമയോടെ സഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ക്രിസ്ത്യാനികളായ നമുക്കായില്ലെങ്കിൽ...!

അന്യവീട്ടിലെ കുഞ്ഞിനെ തിരുത്തുകയോ അവരുടെ കുറവുകൾ പരാതികൂടാതെ ക്ഷമി ക്കയോ ചെയ്യാൻ നാമാരും തയ്യാറാവില്ലല്ലോ. അതുകൊണ്ട് ഇപ്രകാരം വീരോചിതമായ പര സ്നേഹം ജീവിക്കണമെങ്കിൽ ഓരോരുത്തരും മറ്റുള്ളവരെ സ്വന്തം സഹോദരങ്ങളായി കരുതണം. "നിന്റെ സഹോദരൻ എവിടെ?" എന്ന ആദ്യചോദ്യം അന്ത്യവിധിയിൽ ആവർത്തിക്കപ്പെടുമ്പോൾ 'കർത്താവേ എന്നോടൊപ്പമുണ്ട്' എന്നു നമുക്ക് ഉത്തരം നൽകാനായാൽ ഈശോ നമ്മെ നോക്കിയും പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34).

**ചീഫ് എഡിറ്റർ**



സെനക്കിൾ ആദ്ധ്യാത്മികത - 79

# സഭ: പ്രേഷിതസമൂഹം

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**ഈ**ശോമിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. 'ഈശോമിശിഹാ' എന്ന പേരിന്റെ അർത്ഥം 'അഭിഷിക്തനായി അയയ്ക്കപ്പെട്ട രക്ഷകൻ' എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ 'താങ്കൾ മിശിഹായാണോ?' എന്ന ചോദ്യം യഹൂദർ ഈശോയോട് ചോദിക്കുന്നുണ്ട് (യോഹ 10,23-24). ആണെന്നു പറഞ്ഞിട്ടും അവർ വിശ്വസിക്കുന്നില്ല എന്നു പറഞ്ഞ് അവരെ ഈശോ കുറ്റപ്പെടുത്തുന്നുമുണ്ട് (യോഹ 10,25-26). പിന്നീട് അവരുടെ ചോദ്യത്തിനു മറുപടിയായി അസന്നിഗ്ദ്ധമായ ഭാഷയിൽ തന്റെ ഈ വ്യക്തിത്വത്തെക്കുറിച്ച് അവർക്കു വിശദീകരണം കൊടുക്കുന്നുണ്ട്. അവിടുന്നു പറയുന്നു: "പിതാവ് വിശുദ്ധീകരിച്ച് (അഭിഷേകം ചെയ്ത്) ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണെന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?" (യോഹ 10,36). ഈശോ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട് ലോകരക്ഷയ്ക്കായി ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെങ്കിൽ ഈശോമിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമെന്ന നിലയിൽ സഭയും ലോകരക്ഷയ്ക്കായി ദൈവത്താൽ അയയ്ക്കപ്പെട്ട അഭിഷിക്ത സമൂഹമാണെന്നതിനു സംശയമില്ല.

## സഭ: അഭിഷിക്തസമൂഹം

അഭിഷിക്തനായി അയയ്ക്കപ്പെട്ട ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമെന്ന നിലയിൽ സഭയും ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട് ലോകരക്ഷയ്ക്കായി അയയ്ക്കപ്പെട്ടവരുടെ സമൂഹമാണ്. മാമ്മോദീസായും തൈലാഭിഷേകവും (സ്ഥൈര്യലേപനം) പരിശുദ്ധ കുർബാനയും ഈ അഭിഷേകം നൽകുന്ന കൂദാശകളാണ്. മാമ്മോദീസാ പരിശുദ്ധാത്മാവിൽ നമ്മെ ജനിപ്പിക്കുന്നു. തൈലാഭിഷേകം പരിശുദ്ധാത്മാവിന്റെ ഫലങ്ങളോടുകൂടെ നമ്മെ പൂർണ്ണരാക്കുന്നു. പരിശുദ്ധ കുർബാന പരിശുദ്ധാത്മാവിൽ നമ്മെ വളർത്തുന്നു. അതുകൊണ്ടാണ് ഈ മൂന്നു കൂദാശകളെ സഭയിലേക്കുള്ള പ്രവേശനകൂദാശകൾ എന്നു വിശേഷിപ്പിക്കുന്നത്. ഇപ്രകാരം പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായി സുവിശേഷപ്രഘോഷണം നടത്തുവാനാണ് ഈശോ തന്റെ ശിഷ്യരെ അയച്ചത്. ഉത്ഥാനത്തിനുശേഷം നാല്പതു ദിവസം ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് ദൈവരാജ്യത്തിന്റെ സുവിശേഷം അവരെ പഠിപ്പിക്കുകയും പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ കാത്തിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. "അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ കൽപിച്ചു: നിങ്ങൾ ജറുസലേം വിട്ടുപോകരുത്. എന്നിൽ നിന്നു കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം നൽകി, നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും"(നടപടി 1,4-5).

## ഉന്നതത്തിൽനിന്നും ശക്തി ധരിക്കുന്ന സമൂഹം

ലൂക്കാ 24,49 ൽ പറഞ്ഞിരിക്കുന്നതാണ് ഇവിടെ ശ്ലീഹാ 1,4 ൽ ആവർത്തിച്ചിരിക്കുന്നത്: "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ". സുവിശേഷങ്ങളിൽ സ്നാപകൻതന്നെ ഈശോ നല്കുവാൻ പോകുന്ന പുതിയ സ്നാനത്തെപ്പറ്റി പ്രവചിച്ചിട്ടുണ്ടായിരുന്നു. "അവിടുന്ന് പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും" (ലൂക്കാ 3,16). ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് പന്തക്കുസ്താദിനത്തിൽ ജെറുസലേമിൽ നടന്നതായി നടപടിഗ്രന്ഥം രണ്ടാം അദ്ധ്യായത്തിൽ ലൂക്കാ അവതരിപ്പിക്കുന്നത്. പന്തക്കുസ്താദിനത്തിൽ നടക്കാൻ പോകുന്ന പരിശുദ്ധാത്മാവിന്റെ അഭിഷേകത്തെപ്പറ്റി പ്രവചനരൂപേണ പറയുകയാണ് നടപടി 1,5-ാം വാക്യം. ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് പന്തക്കുസ്താദിനത്തിൽ ജറുസലേമിൽ നടന്നതായി നടപടി രണ്ടാം അദ്ധ്യായത്തിൽ ലൂക്കാ സുവിശേഷകൻതന്നെ അവതരിപ്പിക്കുന്നത്.

## സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹം

ഈശോയ്ക്കും ഈശോ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സുവിശേഷത്തിനും സാക്ഷ്യം വഹിക്കുവാനാണ് ഈശോ ശിക്ഷ്യന്മാർക്ക് അരൂപിയുടെ ശക്തി നല്കിയത്, എപ്രകാരമാണ് സാക്ഷ്യം നൽകേണ്ടത് എന്നും എടുത്തു പറയുന്നുണ്ട്. ഒന്നാമതായി ഈശോയുടെ ജീവിതമരണോത്ഥാനങ്ങളാണ് അവർ സാക്ഷ്യപ്പെടുത്തേണ്ടത്. "യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടനാൾ വരെ, ഈശോ നമ്മോടുകൂടെ സഞ്ചരിച്ചിരുന്ന കാലം മുഴുവൻ നമ്മുടെകൂടെ ഉണ്ടായിരുന്നവരിൽ ഒരുവൻ" എന്ന് ശ്ലീഹന്മാരിൽ ഒരുവനാകാനുള്ള യോഗ്യതയായി നടപടിഗ്രന്ഥം പ്രസ്താവിക്കുന്നുണ്ട് (നടപടി 1,22). ഈശോ തന്റെ ഉത്ഥാനത്തിലൂടെ, അവിടുന്ന് ആരാണെന്ന് അവകാശപ്പെട്ടുവോ അതായിത്തീർന്നിരിക്കുന്നുവെന്നും, ദൈവികസമർത്ഥനമാണ് ഈശോയുടെ ഉത്ഥാനത്തിൽ പ്രകടമാകുന്നതെന്നും ശ്ലീഹന്മാർ സാക്ഷ്യപ്പെടുത്തണം. ചരിത്രപുരുഷനായിരുന്ന ഈശോയുടെ പ്രബോധനത്തിനും സഹനത്തിനും മരണത്തിനും ഉത്ഥാനത്തിനും അവർ സാക്ഷ്യംവഹിക്കണം. ആ സാക്ഷ്യമാണ് ഇന്നും അവരിലൂടെ സഭയിൽ തുടരേണ്ടതും തുടരുന്നതും.

## ദൈവരാജ്യത്തിന്റെ സുവിശേഷം

ഈശോ തന്റെ ജീവിതമരണോത്ഥാനങ്ങളിലൂടെ വെളിപ്പെടുത്തിയ സുവിശേഷം ദൈവരാജ്യത്തിന്റെ സുവിശേഷമാണ്. 'ദൈവരാജ്യം' എന്നു പറഞ്ഞാൽ 'ദൈവഭരണം' എന്നാണർത്ഥം. നാലു സുവിശേഷങ്ങൾ നാലുവിധത്തിലാണ് അതിനെ വിശേഷിപ്പിക്കുന്നത്. മത്തായി 'സ്വർഗരാജ്യം' എന്നും, മർക്കോസ് 'ദൈവരാജ്യം' എന്നും ലൂക്കാ 'രക്ഷ' എന്നും യോഹന്നാൻ 'ജീവൻ' എന്നും അതിനെ വിശേഷിപ്പിക്കുന്നു. ദൈവം ഭരിക്കുന്ന വ്യവസ്ഥിതി നടപ്പിലാകുന്ന സ്ഥിതിവിശേഷമാണ് 'ദൈവരാജ്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം സ്നേഹമാകയാൽ (1 യോഹ 4,8.16) ദൈവത്തിന്റെ സ്നേഹം മനുഷ്യനെ ഭരിക്കുന്ന സ്ഥിതിവിശേഷമാണ് ദൈവരാജ്യമെന്നു പറയാം. പാപത്താൽ ഭരിക്കപ്പെട്ട മനുഷ്യൻ ദൈവസ്നേഹത്താൽ ഭരിക്കപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുവാനാണ്, ദൈവം മനുഷ്യനായ ഈശോ ലോകത്തിലേക്കു വന്നത്. ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവുമെല്ലാം ഈ സ്നേഹത്തിന്റെ ഭരണത്തിന്റെ വെളിപ്പെടുത്തലായിരുന്നു. ഈ സുവിശേഷം ലോകം മുഴുവനെയും അറിയിക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യം. ഇപ്രകാരമുള്ള പ്രേഷിതസമൂഹമായി സഭയെ രൂപപ്പെടുത്തുവാൻ സഭാംഗങ്ങളെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു.



# ഏലിയാ - സ്ലീവാ, മൂശെക്കാലങ്ങൾ: ശുഭപ്രതീക്ഷ ഉണർത്തുന്ന കാലങ്ങൾ

റവ. ഡോ. റോയി ജോസഫ് കടുപ്പിൽ
പാലാ രൂപത

**അ**തിരറ്റ പ്രത്യാശ നമ്മിലുണർത്തുന്ന ആരാധനക്രമ വത്സരത്തിലെ ഒരു കാലമാണ് ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങൾ. ഫലാഗമകാലം എന്നു കൂടി അറിയപ്പെടുന്ന കൈത്താക്കാലം സഭയുടെ വളർച്ചയെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു. തൊട്ടുചേർന്നുവരുന്ന ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങൾ ഈ വളർച്ചയുടെ ആത്യന്തികലക്ഷ്യം നമുക്കു മുൻപിൽ അവതരിപ്പിക്കുന്നു. കാരണം സഭ ഒരു തീർത്ഥാടകസമൂഹമാണ്. തീർത്ഥാടകയായ സഭ എത്തിച്ചേരേണ്ട ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് നമ്മെ തീവ്രമായി ഓർമ്മപ്പെടുത്തുന്ന കാലമാണിത്. തീർത്ഥാടനത്തിന് ഒരു തുടക്കവും ഒടുക്കവുമുണ്ട്. സഭയുടെയും ഓരോ വിശ്വാസിയുടെയും വിശ്വാസതീർത്ഥാടനം പൂർത്തിയാകുന്നത് സ്വർഗത്തിൽ എത്തിച്ചേരുന്നതോടുകൂടിയാണ്. ആകയാൽ കർത്താവിന്റെ രണ്ടാമത്തെ ആഗമനവും അതെത്തുടർന്നുള്ള അവസാന വിധിയും സ്ലീവായുടെ വിജയവും മഹത്ത്വവുമാണ് ഈ കാലഘട്ടത്തിലെ പ്രധാന ചിന്താവിഷയം.

രക്ഷകന്റെ ആഗമനത്തിനുമുൻപ് ഏലിയാ വരുമെന്ന വിശ്വാസം യഹൂദർക്കിടയിൽ പ്രബലമായിരുന്നുവെന്ന് സുവിശേഷങ്ങളിൽനിന്നുതന്നെ വ്യക്തമാണ്. അതുകൊണ്ടാണല്ലോ ഈശോയെ ഏലിയായെന്നു പലരും തെറ്റിദ്ധരിക്കാൻ ഇടയായതും (യോഹ 1,25; മത്താ 16,14; 27,47-49) ഏലിയായുടെ രണ്ടാമത്തെ വരവിനെക്കുറിച്ച് മലാക്കി പ്രവാചകൻ ആവർത്തിച്ച്



രേഖപ്പെടുത്തിയിട്ടുണ്ട് (മലാക്കി 4,5-6). ഇക്കാരണത്താലാകാം കർത്താവിന്റെ മഹത്ത്വപൂർണ്ണ മായ രണ്ടാമത്തെ വരവിനെ ഓർമ്മിപ്പിക്കുന്ന കാലത്തെ ഏലിയാക്കാലം എന്നു വിളിക്കുന്നത്. ഈ പ്രതീക്ഷയുള്ളതുകൊണ്ടാകാം ഏലിയാ ഒന്നാം ഞായർ മുതൽ ഏഴാം വെള്ളിയാഴ്ചവരെ ഉപവാസദിനങ്ങളായി ആചരിക്കുന്ന പതിവ് മുൻകാലത്ത് സഭയിൽ ഉണ്ടായിരുന്നത്.


സെപ്റ്റംബർ പതിനാലാം തീയതി കുരിശിന്റെ പുകഴ്ചയുടെ തിരുനാളായി ആഘോഷിക്കു കയാണല്ലോ. റോമാസാമ്രാജ്യത്തിൽ സഭയ്ക്കു സ്വാതന്ത്ര്യം നല്കിയ കോൺസ്റ്റന്റൈൻ ചക്ര വർത്തിയുടെ അമ്മയായ ഹെലെനാരാജ്ഞിയുടെ നേതൃത്വത്തിൽ കർത്താവിനെ ക്രൂശിച്ച സ്ലീവാ കണ്ടെത്തുകയും തുടർന്നു 355-ൽ ഈശോ കുരിശിൽ മരിച്ച സ്ഥലത്തും ഉയിർത്തിടത്തും ദൈവാ ലയങ്ങൾ സ്ഥാപിച്ചു കുരിശിനെ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതു നടന്നതു സെപ്റ്റംബർ 13-ാം തീയതിയാണെന്നു കണക്കാക്കപ്പെടുന്നു. തുടർന്നുള്ള എട്ടു ദിവസങ്ങൾ ആഘോഷദിവസങ്ങ ളായി കൊണ്ടാടി. ഇതായിരിക്കാം സ്ലീവാക്കാലത്തിന്റെ ഉത്ഭവത്തിനു കാരണം. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുൻപ് ആകാശത്തിൽ കാണപ്പെടുന്ന അടയാളം സ്ലീവായായിരിക്കു മെന്ന വിശ്വാസവും ഈ കാലങ്ങൾ ഒരുമിച്ചാകാൻ ഇടയാക്കിയിട്ടുണ്ടാവാം.

സ്ലീവാക്കാലത്തോടുചേർന്നു മൂശെക്കാലം ആചരിക്കപ്പെടുന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ ഏലിയായും മോശയും അവിടുത്തോടു സംസാരിച്ചു എന്ന സുവിശേഷസാക്ഷ്യത്തിന്റെ ചുവടുപിടിച്ചാവാം ഇപ്രകാരമൊരു കാലത്തിന്റെ ആചരണം ആരംഭിച്ചത്. ഈ കാലം പള്ളിക്കൂദാശാക്കാലത്തിന്റെ ഭാഗമായിരുന്നെന്നും പിന്നീടാണ് ഇതു പള്ളിക്കൂദാശാക്കാലത്തിൽനിന്നും വേർതിരിച്ചതെന്നും അഭിപ്രായപ്പെടുന്ന ആരാധനക്രമചരിത്ര പണ്ഡിതന്മാരുണ്ട്. ഈ കാലത്തിന്റെയും മുഖ്യചിന്താവിഷയവും പ്രാർത്ഥനാചൈതന്യവും മഹത്ത്വീകൃതമായ സ്ലീവാ തന്നെയാണ്.

തീർത്ഥാടകൻ തന്റെ പാതയിൽ കൗതുകമുണർത്തുന്നതും കണ്ണഞ്ചിപ്പിക്കുന്നതുമായ ധാരാളം കാഴ്ചകൾ കണ്ടെന്നുവരാം. മനസ്സിനെ തപിപ്പിക്കുന്നതും മനം കവരുന്നതുമായ പലവിധ അനുഭവങ്ങൾക്കു മുൻപിലൂടെ കടന്നുപോയെന്നു വരാം. ശരീരത്തെ ആകർഷിക്കുന്നതും ശാരീരികസുഖം പകരുന്നതുമായ സംഭവങ്ങൾക്കു സാക്ഷിയായേക്കാം. പക്ഷേ കരുതിയിറങ്ങിയ തീർത്ഥാടകനെ ഇവയൊന്നും അവന്റെ തീർത്ഥാടന ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിക്കുന്നില്ല. മറിച്ച്, അവയെല്ലാം മറികടന്ന് അവൻ തന്റെ ദൃഷ്ടികൾ തന്റെ ആത്യന്തികലക്ഷ്യത്തിൽ മാത്രം ഊന്നി സധൈര്യം മുൻപോട്ടു പ്രയാണം തുടരും. അപ്പോൾ മാത്രമാണ് അവന്റെ ജീവിതം സാഫല്യമടയുന്നത്.

സാമാന്യം ദീർഘമായ ഈ ആരാധനക്രമ കാലഘട്ടവും ഇതുതന്നെയാണ് നമ്മെയും ഓർമ്മപ്പെടുത്തുന്നത്. നശ്വരമായ ഈ ലോകം നമ്മുടെ പ്രയാണത്തിലെ ഇടവേള ചിലവഴിക്കുന്ന വെറുമൊരു സത്രം മാത്രമാണ്. ഈ സത്രവാസത്തിൽ നമ്മെ ആകർഷിക്കുന്നതും മനം കവരുന്നതും ശാരീരിക സുഖം പ്രദാനം ചെയ്യുന്നതുമായ പലതും കാണാനും കേൾക്കാനും ഇടവന്നേക്കാം. പക്ഷേ അവയിൽ മതിമറന്ന് അവിടെ തങ്ങിയാൽ നഷ്ടമാകുന്നത് ശാശ്വതഭവനമാണ്. മനുഷ്യനു ജീവിതത്തിൽ സുഖങ്ങളും സന്തോഷങ്ങളുമുണ്ട്. വിഭവസമൃദ്ധമായ ഒരു സദ്യ ആസ്വദിക്കുമ്പോൾ ഒരുവനു ലഭ്യമാകുന്നത് സുഖമാണ്. എന്നാൽ അത്യദ്ധ്വാനം ചെയ്തു പരീക്ഷയിൽ ഉന്നതവിജയം കൈവരിക്കുമ്പോൾ ഒരുവൻ അനുഭവിക്കുന്നത് സുഖമല്ല മറിച്ച് സന്തോഷമാണ്. കർത്താവ് അരുൾ ചെയ്തു: "ഞാൻ ഇവയെല്ലാം നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളുവാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനുമാണ്". സുഖങ്ങൾ ചിലപ്പോൾ നമുക്കു സന്തോഷം പകർന്നേക്കാം. പക്ഷേ സുഖങ്ങൾ പ്രദാനം ചെയ്യുന്ന സന്തോഷം തികച്ചും താത്കാലികവും കേവലം ബാഹ്യവുമാണ്. എന്നാൽ യഥാർത്ഥ സന്തോഷം സ്ഥായിയും കൂടുതൽ ആന്തരികവുമാണ്. ഈ ശാശ്വത സന്തോഷത്തിനായി നിരന്തര പരിശ്രമം നടത്തുന്നതിനുള്ള ആഹ്വാനമാണ് ഈ കാലം നമുക്കു മുൻപിൽ വയ്ക്കുന്നത്.

സ്ലീവാ ഒരു കേവല പ്രതീകമോ അടയാളമോ എന്നതിനേക്കാൾ മഹത്ത്വീകൃതനായ കർത്താവിനെയാണ് നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത്. വേദനകളും സഹനങ്ങളും പിന്നിട്ടാണ് കുരിശ് മഹത്വത്തിലേക്കു പ്രവേശിച്ചതെന്നു നമുക്ക് അറിയാം. ഇതു നമ്മുടെയും ജീവിതത്തിന്റെ ഒരു നേർക്കാഴ്ചയാകാം. നാമിന്നു നേരിടുന്ന സഹനങ്ങളും അനുഭവിക്കുന്ന വേദനകളും ക്രൂശിതനോടുചേർന്ന് സമർപ്പിക്കാനായാൽ അവയെല്ലാം മഹത്ത്വത്തിനു നാന്ദിയായി ഭവിക്കുമെന്നും സ്വർഗമെന്ന അനശ്വരഭാഗ്യം കൈവരിച്ച് നിരന്തര സന്തോഷം നിത്യം അനുഭവിക്കാനാകുമെന്നുള്ള ശുഭപ്രതീക്ഷയും ഈ കാലങ്ങൾ നമ്മിൽ ഉണർത്തുന്നുണ്ട്. ആകയാൽ പൗരസ്ത്യ സുറിയാനി സഭാപിതാവായ വിശുദ്ധ അപ്രേം കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രബോധനത്തിൽ നമ്മെ ഉപദേശിക്കുന്നതുപോലെ, "സ്നേഹമുള്ളവരെ കർത്താവിനോടൊപ്പം അവിടുത്തെ രാജ്യത്തിൽ സന്തോഷത്തോടെ പ്രവേശിക്കാൻ നമുക്കു ഭാഗ്യമുണ്ടാകേണ്ടതിന് അവിടുന്നു കാണിച്ചുതന്ന പാതയിൽ നമുക്കു ശ്രദ്ധാപൂർവ്വം ചരിക്കാം".



# സ്നേഹിച്ചു മതിയായില്ല...

**ആൻസി കടുപ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ജീ**വിതം വച്ചുനീട്ടുന്ന നേരിയ സഹനങ്ങൾപോലും ഉൾകൊള്ളാനാവാതെ ലഭിച്ച സഹനങ്ങളെല്ലാം അന്യർക്കു സമ്മാനിച്ച് നിഷ്ക്രിയത്വത്തിന്റെ പടവുകളിലേക്ക് യാത്രയാവുന്നവരാണ് നമ്മിൽ പലരും. ഇവിടെയാണ് അനു – റ്റോമി ദമ്പതിമാരുടെ വിശുദ്ധജീവിതം ഏവർക്കും മാതൃകയും വഴികാട്ടിയുമാകുക. നിറക്കൂട്ടാർന്ന സ്വപ്നങ്ങളും നിറഞ്ഞ പ്രതീക്ഷകളുമായി വിവാഹജീവിതത്തിലേക്കു പ്രവേശിച്ച ഇവർക്ക് ദൈവം നൽകിയ രണ്ടു പെൺമക്കളിൽ ആദ്യത്തെ കൺമണി ശാരീരിക വൈകല്യമുള്ളവളും മന്ദബുദ്ധിയുമായിരുന്നുവെങ്കിലും ദൈവം നൽകിയ കടിഞ്ഞൂൽ സന്താനത്തെ യാതൊരു പോറലും ഏൽക്കാതെ, കറയോ, ചുളിവോ ഇല്ലാതെ ഒരു നിധിപോലെ കാത്തുസൂക്ഷിക്കുന്നതിൽ ഈ ദമ്പതിമാർ അങ്ങേയറ്റം വിശ്വസ്ത

രായിരുന്നു. നീണ്ട പത്തൊൻപതു വർഷക്കാലം ഈ മകൾക്കുവേണ്ടി, അവളെ ശുശ്രൂഷിക്കുവാൻ വേണ്ടി ഈ പ്രിയപ്പെട്ട മാതാപിതാക്കൾ തങ്ങളുടെ ജോലിയും വ്യക്തിപരമായ സുഖങ്ങളും ജീവിതത്തിന്റെ ആഘോഷങ്ങളും സന്തോഷങ്ങളുമെല്ലാം നിറമനസ്സോടെ വേണ്ടെന്നുവച്ചു. ഇപ്രകാരം തങ്ങളുടെ "പൊന്നുമുത്തിനെ" ഒരു രാജകുമാരിയായി വളർത്തിക്കൊണ്ടുവരവേ, ഇക്കഴിഞ്ഞദിവസം പെട്ടെന്നുണ്ടായ ശക്തമായ പനിയും ശ്വാസംമുട്ടലും നിമിത്തം ആ കുഞ്ഞ് നിത്യസമ്മാനത്തിനായി സ്വർഗത്തിലേക്ക് യാത്രയായി. ആ മാലാഖക്കുഞ്ഞിന്റെ ശവമഞ്ചത്തെ കെട്ടിപ്പിടിച്ച് പൊട്ടിക്കരയുന്ന മാതാപിതാക്കളും അനുജത്തിയും കണ്ടുനിന്നവരുടെയെല്ലാം കണ്ണുകളെ ഈറനണിയിപ്പിച്ചു. "ഞങ്ങളുടെ പൊന്നുമുത്തേ... ഇനിയും എത്രകാലം വേണമെങ്കിലും ഞങ്ങൾ നിന്നെ പൊന്നുപോലെ നോക്കിക്കൊള്ളാം. ഞങ്ങളെ വിട്ടുപോകല്ലേ.... എന്നുള്ള പെറ്റമ്മയുടെ ഹൃദയഭേദകമായ നിലവിളി ആ അന്തരീക്ഷത്തെ ശോകമൂകമാക്കി".

ആർക്കാണ് ഇതുപോലെ സ്നേഹിക്കാനാവുക? ഉദരത്തിൽ ഉരുവാകുന്ന കുഞ്ഞ് എന്തെങ്കിലും അംഗവൈകല്യമോ, കുറവോ ഉള്ളതെന്ന് അറിയുന്ന ആ നിമിഷം തന്നെ അതിനെ ഏതുവിധേനയും ഒഴിവാക്കാൻ ശ്രമിക്കുന്ന, അതുമല്ലെങ്കിൽ അനാഥാലയങ്ങളിലോ അതുപോലുള്ള സ്ഥാപനങ്ങളിലേക്കോ ഇത്തരത്തിലുള്ള കുഞ്ഞുങ്ങളെ വലിച്ചെറിയുന്ന മാതാപിതാക്കൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ അനു-റ്റോമി പോലുള്ള ദമ്പതിമാർ ഇന്നിന്റെ അനുഗ്രഹമാണ്.

ഞാനെത്ര പ്രാർത്ഥിച്ചതാ... എത്ര വെള്ളിയാഴ്ചകളിൽ ഉപവസിച്ചതാ... നോമ്പുനോറ്റതാ.... എന്നിട്ടുമെന്തേ എനിക്കിപ്പോഴും ഇങ്ങനെ? എന്നു നീളുന്ന പരിദേവനങ്ങളും പരിഭവങ്ങളും നിത്യേന നാം കേൾക്കാറുള്ളതല്ലേ? ഇത്തരക്കാർക്കുള്ള മറുപടിയാണ് അനു-റ്റോമി ദമ്പതിമാരുടെ നിശബ്ദമായ, പ്രാർത്ഥനാനിർഭരമായ സഹന ജീവിതം.

സഹനങ്ങളെ, കുരിശുകളെ ആരാണ് ഇഷ്ടപ്പെടുക? അതൊഴിവാക്കിത്തരാമെന്നു വാഗ്ദാനം ചെയ്യുന്നവരുടെ പക്കലേക്ക് ആളുകളിന്നു പരക്കം പായുകയല്ലേ? അവർക്കല്ലേ ഇന്ന് ഏറെ "ഡിമാന്റ്"? അഥവാ "മാർക്കറ്റ്"? നാമും ഓടുന്നത് എന്തിനുവേണ്ടിയാ? ജീവിതത്തിലെ ഇത്തിരിപ്പോന്ന സഹനങ്ങളുടെ പാനപാത്രത്തെ എവിടെയെങ്കിലും ഒന്നിറക്കിവച്ച് തെല്ലൊരു ആശ്വാസം നേടാനല്ലേ?

**ദൈവദാസൻ വില്യം ജക്വീന്താ പറയുന്നു:**

**"കുരിശിനെ സ്നേഹിക്കുക; കുരിശിനെ സ്വീകരിക്കുക; കുരിശിനോടു പുഞ്ചിരിക്കുക. കാരണം ദൈവത്തിന്റെ സ്നേഹത്തിൽ നമ്മെ എത്തിക്കുവാൻ സഹായിക്കുന്ന ഏറ്റവും വലിയ വഴിയാണ് കുരിശ്"**



ഫ്രത്തേല്ലി തൂത്തി-13

# നവീകൃത സംവാദ പാതകൾ

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**ഫ്ര**ത്തേല്ലി തൂത്തിയുടെ ഏഴാം അദ്ധ്യായത്തിൽ സംവാദത്തിന്റെ പുതിയ പാതകളെക്കുറിച്ചാണ് ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നത്. ആഴത്തിലുള്ള പല മുറിവുകളും ഉണക്കുന്നതിനും ഭേദമാക്കുന്നതിനും സമാധാനത്തിന്റെ വഴികൾ പണിയപ്പെടുകയും അതിനായി സമാധാന ദൂതന്മാർ കടന്നുവരികയും വേണം. ഭൂതകാലത്തിന്റെ ഏറ്റുമുട്ടൽ ശൈലിയിൽനിന്നും മാറി നവീകരിക്കപ്പെട്ട സംവാദമാണ് ഇന്ന് ആവശ്യമായിരിക്കുന്നത്.

നിഷ്ഫലമായ നയതന്ത്രരീതികളും നയവ്യതിയാനങ്ങളും നിഗൂഢമായ പദ്ധതികളും നിലപാടില്ലായ്മയും യാഥാർത്ഥ്യത്തെ മറക്കുന്ന പെരുമാറ്റവും ഇനി പാടില്ല. ശത്രുതയിലായിരുന്നവർ ദൃഢവും സുതാര്യവുമായ സത്യത്തിന്റെ വെളിച്ചത്തിൽ 'തുറന്ന് സംസാരിക്കണം'. ഭൂതകാലത്തിന്റെ പ്രശ്നങ്ങൾകൊണ്ട് തളർന്ന് വീഴരുത്; മറിച്ച് ഭാവിയെക്കുറിച്ചുള്ള പ്രത്യാശയിൽ മുന്നോട്ട് നീങ്ങണം. 'സഹജീവികളെ മനസ്സിലാക്കുവാനുള്ള വിശാലഹൃദയത്തോടെ' എല്ലാവരും പ്രയത്നിക്കണം. അപ്പോൾ മാത്രമാണ് സമാധാനം സംജാതമാകുന്നത്.

സമാധാനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പ്രതിജ്ഞാബദ്ധത ആവശ്യമായിട്ടുണ്ട്. ഫ്രാൻസീസ് പാപ്പായുടെ അഭിപ്രായത്തിൽ അത് "സത്യവും നീതിയും കണ്ടെത്തുന്നതിനുവേണ്ടിയുള്ള ക്ഷമാപൂർണ്ണമായ ഒരന്വേഷണവും മുറിവേറ്റവരുടെ ഓർമ്മകളെ ആദരിക്കാനും പ്രതികാരത്തിനുവേണ്ടിയുള്ള ദാഹത്തേക്കാൾ ശക്തമായ പ്രതീക്ഷയുടെ പുതിയ പാത പടിപടിയായി നിർമ്മിച്ചെടുക്കുവാനുമുള്ള നിരന്തര പ്രയത്നവുമാണ്." കടലാസിൽ നിർമ്മിക്കുന്ന

വെറും സമാധാന ഉടമ്പടികൾ ഇന്ന് പര്യാപ്തമല്ല. പ്രശ്നങ്ങളുടെ മൂലകാരണങ്ങളിലേക്ക് സഞ്ചരിച്ച് ഒരു പരിഹാരം കണ്ടെത്തണം.

സമാധാനം സ്ഥാപിച്ചെടുക്കുവാൻ മൂന്ന് കാര്യങ്ങളുടെ സംയോജനം അനിവാര്യമാണ്: നീതി, കാരുണ്യം, സത്യം. നീതിയുടെയും കാരുണ്യത്തിന്റെയും വേർപിരിയാത്ത സഹയാത്രികനാണ് സത്യം. സത്യം ആരെയും ഒരിക്കലും പ്രതികാരത്തിലേക്ക് നയിക്കുന്നില്ല. മറിച്ച് ക്ഷമയിലേക്കും അനുരഞ്ജനത്തിലേക്കുമാണ് അത് ഏവരെയും നയിക്കുന്നത്. സത്യം തുറന്നു പറയാൻ മനസ്സ് കാണിക്കുമ്പോഴാണ് സമാധാനം ഉടലെടുക്കുന്നത്.

സമൂഹത്തെ ശാന്തമായി ഏകീകരിക്കുക എന്നതു മാത്രമല്ല സമാധാനത്തിലേക്കുള്ള പാത അർത്ഥമാക്കുന്നത്. മറിച്ച് എല്ലാവർക്കും ഫലപ്രദമായ ലക്ഷ്യങ്ങൾ പിൻതുടരുന്നതിൽ ജനങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുക എന്നാണ്. ഒരു സമൂഹം നേരിടുന്ന പ്രശ്നം എന്താണെന്ന് ആദ്യം മനസ്സിലാക്കണം. അപ്പോൾ ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ തേടാൻ സാധിക്കും. സഹജീവികൾക്ക് പറയാനുള്ളതിനെ അവഗണിക്കരുത്. അവരുടെ വാക്കുകൾക്ക് വില കല്പിക്കണം.

ആരുടെയും നിർബന്ധത്താലോ പരപ്രേരണയാലോ അല്ലാതെ സ്വതന്ത്രമായ മനസ്സോടെ സഹകരിക്കുമ്പോഴാണ് യാഥാർത്ഥ അനുരഞ്ജനം സാധ്യമാകുന്നത്. ആരുടെയും മേൽ അധീശത്വം സ്ഥാപിക്കാതെ, സ്വാർത്ഥചിന്തയോടെ പെരുമാറാതെ, തനിക്കുള്ളവ മറ്റുള്ളവർക്കായി പങ്കുവയ്ക്കണം എന്ന കാഴ്ചപ്പാടോടെ വേണം എല്ലാവരും ഇടപെടുവാൻ. കുടുംബം, രാജ്യം, സംസ്കാരം, ജാതി തുടങ്ങിയ വിഭജനങ്ങൾക്കതീതമായി, ഒരൊറ്റ കുടുംബമാണ് നാം എന്നു ചിന്തിക്കുമ്പോഴാണ് അനുരഞ്ജനവും ഐക്യവും ഉണ്ടാകുന്നത്. ഹൃദയം തുറന്ന സംവാദത്തിലൂടെ നീതിക്കായി പരിശ്രമിക്കുമ്പോഴാണ് അനുരഞ്ജനം സാധ്യമാകുന്നതും സമാധാനം സ്ഥാപിക്കപ്പെടുന്നതും.

സ്വന്തമെന്ന അടിസ്ഥാനബോധ്യം എല്ലാവരുടെയും ഉള്ളിലുണ്ട്. നാം ജീവിക്കുന്ന നമ്മുടെ സമൂഹം സ്വന്തം കുടുംബമായി കരുതുമ്പോൾ പല പ്രശ്നങ്ങളും ഒഴിവാകും. ഒരാൾക്ക് പിഴവുണ്ടാകുമ്പോൾ കുടുംബം മുഴുവനും സഹായത്തിനെത്തും. കുടുംബത്തിലെ ഓരോ അംഗത്തിന്റെയും സന്തോഷങ്ങളും സന്താപങ്ങളും എല്ലാവരുടെതുമാണ്. അതാണ് കുടുംബം. നമ്മുടെ സമൂഹത്തെ സ്വന്തം കുടുംബമായി കരുതാതെ നാം മാറി നിൽക്കുന്നുണ്ടോ?

ഐക്യത്തോടെ മുന്നോട്ടു പോകുന്ന ഒരു രാജ്യത്തെ വാർത്തെടുക്കുകയെന്നത് ഒരു തുടർപ്രക്രിയയാണ്. അതിന് എല്ലാവരുടെയും അക്ഷീണ പ്രയത്നവും ആത്മസമർപ്പണവും അനിവാര്യമാണ്. ഈ പ്രകിയയിൽ പലതരത്തിലുള്ള വീക്ഷണങ്ങൾ ഉയർന്നുവരാം. പൊതുനന്മയെക്കരുതി സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ മാറ്റുവാൻ എല്ലാവരും ശ്രമിക്കണം. അക്രമാസക്തമായ സാമൂഹിക പ്രകടനങ്ങൾ പ്രശ്നങ്ങളുടെ പരിഹാരം കണ്ടെത്താൻ സഹായിക്കില്ല. പക്ഷപാത താല്പര്യങ്ങൾക്കപ്പുറം എല്ലാവരും ഒരേ മനസ്സോടെ പൊതു നന്മയെക്കരുതി വ്യാപരിക്കണം.



# വഴിതെറ്റാതെ ലക്ഷ്യത്തിലേയ്ക്ക്

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

നദിക്കരയിൽ നിന്ന അരയാൽ വൃക്ഷം ആ കാഴ്ച കണ്ട് അമ്പരന്നു. എന്നും ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന നദി ഇന്ന് കലങ്ങി മറിഞ്ഞ്, കലുഷിതമായി, വഴി മാറി ഒഴുകുന്നു. വലിയ ആകുലതയോടെ അരയാൽ ചോദിച്ചു? നിനക്കെന്തു പറ്റി? വലിയ പ്രക്ഷുബ്ധതയുടെ നടുവിലും നദി മറുപടി പറഞ്ഞു: "അങ്ങെവിടെയോ, മലമുകളിൽ അതിശക്തമായ മഴയും മലയിടിച്ചിലും ഉണ്ടായി. അതാണ് ഞാനിന്നിങ്ങനെ." രണ്ടു ദിവസത്തിനുശേഷം നദി ശാന്തമായി. അരയാൽ ചോദിച്ചു: "എത്ര ശാന്തമായി ഒഴുകുന്നവളാണ് നീ... ഞാനുൾപ്പെടെ എത്രയോ പേർക്കാണ് നീ ആശ്വാസമേകുന്നത്. പെട്ടെന്ന് നിന്നിലെ ജലം കലങ്ങിയപ്പോൾ നിനക്ക് സങ്കടം തോന്നിയില്ലേ?" പുഞ്ചിരിയോടെ നദി മറുപടി പറഞ്ഞു: "അതെന്റെ ജീവിതത്തിന്റെ ഭാഗമാണ്. സാധാരണയായി ഞാൻ ശാന്തമായി ആണ് ഒഴുകാറുള്ളത്. പക്ഷേ പെട്ടെന്നുണ്ടാകുന്ന മഴയും മലവെള്ളപ്പാച്ചിലും എന്റെ ജീവിതത്തെ അസഹ്യപ്പെടുത്താറുണ്ട്. എങ്കിലും ഞാനെന്റെ ലക്ഷ്യം മറക്കാറില്ല. അങ്ങകലെ കടലിലെത്തുവോളം ഞാൻ ഒഴുകിയേ പറ്റൂ. എന്ന് എന്നിലെ ഒഴുക്കുനിലയ്ക്കുന്നുവോ, അന്ന് ഞാൻ അശുദ്ധയാകും. ആർക്കും എന്നെക്കൊണ്ട് ഉപകാരമില്ലാതാകും. അതിനാൽ ഒന്നിനാലും തടയപ്പെടാതിരിക്കാൻ ഞാൻ പരിശ്രമിക്കുന്നു. പ്രതീക്ഷിക്കാതെ എന്നിലെത്തുന്ന അധികജലവും, വലിയ കല്ലും തടിയുമൊക്കെ എന്റെ ഗതിയെ തന്നെ മാറ്റി മറിക്കാറുണ്ട്. എങ്കിലും അധികം വൈകാതെ തന്നെ ഞാൻ പൂർവ്വസ്ഥിതി വീണ്ടെടുത്ത് എന്റെ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണം തുടരുകയാണ്".

ഏലിയാ-സ്ലീവാ, മൂശെക്കാലത്തിന്റെ മനോഹരമായ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നശ്വരമായ ഈ ലോകജീവിതത്തിന്റെ മനോഹാരിതയിൽ ഹൃദയത്തെ ഉടക്കി നിർത്താതെ, മനുഷ്യജീവിതത്തിന്റെ തന്നെ ആത്യന്തിക ലക്ഷ്യമായ സ്വർഗരാജ്യത്തെ ലക്ഷ്യമാക്കി നീങ്ങാൻ നമ്മെ ഉദ്ബോധിപ്പിക്കുന്ന വലിയ ആദ്ധ്യാത്മികതയാണ് ഈ കാലം നമുക്കു പകർന്നുതരിക. ആധുനിക ലോകത്തിനു സ്വർഗരാജ്യം വെറും കെട്ടുകഥയായി മാറിയിരിക്കുന്നു. സ്വർഗരാജ്യത്തെപ്രതി ഈ ലോകജീവിതത്തെ ഉച്ഛിഷ്ടമായിക്കരുതി ജീവിച്ച വിശുദ്ധാത്മാക്കൾ ആധുനികലോകത്തിനു സമനില തെറ്റിയ മനുഷ്യജന്മങ്ങളാണ്. സഹനവും കുരിശും വെറും പഴഞ്ചൊല്ലുകളും.

മണ്ണിൽ നിന്നുരുവായ മനുഷ്യനു മണ്ണിനോടു മമതയും താത്പര്യവും കൂടുക സ്വഭാവികമാണ്. എന്നാൽ അവൻ എന്തിനായി സൃഷ്ടിക്കപ്പെട്ടോ ആ ലക്ഷ്യം മറക്കുമ്പോൾ, അവന്റെ ജീവിതം അസ്വസ്ഥതകളുടെ വിളനിലമാകുന്നു. ഈ ലോകത്തിന്റെ അറിവും സമ്പത്തും സൗന്ദര്യവുമെല്ലാം ദൈവം മനുഷ്യന്റെ ഈ ലോകജീവിതത്തിലെ നന്മയ്ക്കായി ഒരുക്കുന്നതാണെന്നും, അവയിൽ ജീവിതം ഉടക്കിനിർത്തരുതെന്നും ഈ പ്രകൃതി തന്നെ നമ്മെ പഠിപ്പിക്കുന്നുണ്ട്. മലമുകളിൽ ഉത്ഭവിക്കുന്ന കൊച്ചരുവിയുടെ ലക്ഷ്യം കടലിലെത്തിച്ചേരുക എന്നതാണ്. തോടായും, പുഴയായും, നദിയായും ഉള്ള അവളുടെ രൂപാന്തരം അവളെ ലക്ഷ്യത്തിലേക്ക് എത്തിക്കുകയാണ്. ഇതിനിടയിൽ എവിടെയെങ്കിലും തങ്ങിനിൽക്കാൻ ഇടയായാൽ അവൾ മലിനയാവുകയും ലക്ഷ്യം തെറ്റുകയും ചെയ്യും.

മനുഷ്യനായി ജനിക്കുന്ന എല്ലാവർക്കും വികസിച്ചുവാടുന്ന പുഷ്പംപോലെ ചുരുങ്ങിയ ജീവിതം മാത്രമേ ഉള്ളൂ എന്നതിനാൽ, ഈ ജീവിതകാലം നന്നായും ഫലപ്രദമായും ചെലവഴിക്കുവാൻ ഏലിയ-സ്ലീവാ, മൂശെക്കാലം നമ്മെ ക്ഷണിക്കുകയാണ്. ഇതിനു മകുടോദാഹരണമാണ് കേരളത്തിന്റെ പ്രിയപുത്രി വി. അൽഫോൻസാ. തന്റെ ചുരുങ്ങിയ ഈ ലോകജീവിതത്തിലെ കൊച്ചുകൊച്ചു സഹനങ്ങളും, പുണ്യങ്ങളും, നന്മകളും ബോധപൂർവ്വം ചെയ്തും സ്വീകരിച്ചും, സ്വർഗരാജ്യം ഈ ലോകത്തിലായിരിക്കെ തന്നെ സ്വന്തമാക്കിയവൾ. അവളുടെ വാക്കുകളിൽ റോസാച്ചെടിയുടെ ചുവട്ടിൽ വീഴുന്ന വട്ടിയിലയും, വെട്ടിയിലയും അഴുകിവളമായി മനോഹരമായ റോസാപുഷ്പങ്ങൾ ഉണ്ടാകുന്നതുപോലെ, ജീവിതത്തിലെ എല്ലാ അനുഭവങ്ങളെയും പുണ്യപുഷ്പങ്ങൾ വിരിയിക്കാനുള്ള വളമാക്കി തീർക്കാൻ ആ കൊച്ചുവിശുദ്ധ നമ്മെ ക്ഷണിക്കുകയാണ്.

പൗലോസ്ശ്ലീഹാ പറയുന്നതുപോലെ സ്വർഗത്തിലെ നമ്മുടെ സമ്പാദ്യം പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും ആകാതിരിക്കാൻ നമുക്കു ശ്രദ്ധാലുക്കളാകാം. അഗ്നിയാൽ ശുദ്ധീകരിക്കപ്പെടുന്ന നാളുകളിൽ നമ്മുടെ പണി വ്യർത്ഥമാകാതിരിക്കാൻ ഈ ലോകത്തിൽ സൂക്ഷ്മതയോടെ പണിനടത്തുന്നവരാകാം. ഈ ലോകത്തിന്റെ മായാമോഹങ്ങളിൽ ഹൃദയത്തെ ഉടക്കി നിർത്താതെ ദൈവമാകുന്ന ആഴക്കടലിൽ എത്തിച്ചേരുവോളം സന്തോഷത്തോടും തീക്ഷ്ണതയോടും കൂടെ ജീവിതാനുഭവങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച് പ്രയാണം ചെയ്യുന്നവരാകാൻ ഈ കാലഘട്ടം നമ്മെ സഹായിക്കട്ടെ.

# വിശുദ്ധി = ശാന്തത




റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

**കൗ**മാരം ജീവിതത്തിലെ ഏറ്റവും നല്ല കാലയളവാണ്. കാരണം ഇക്കാലഘട്ടത്തിൽ ജീവിതത്തിൽ ആർജ്ജിച്ചെടുക്കുന്ന മൂല്യങ്ങൾ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ആയി മാറും. ധാരാളം മൂല്യങ്ങളുണ്ടെങ്കിലും ഇവിടെ നാം പ്രതിപാദിക്കുക വിശുദ്ധിയും ശാന്തതയും ജീവിതത്തിൽ എത്രമാത്രം ബന്ധപ്പെട്ടുപോകുന്നു എന്നതിനെപ്പറ്റിയാണ്.

വിശുദ്ധിയും ശാന്തതയും തമ്മിലുള്ള ബന്ധം 'വി. ഫ്രാൻസിസ് അസ്സീസി' എന്ന നോവലിൽ ഗ്രന്ഥകാരൻ ഇപ്രകാരം വിവരിക്കുന്നു: ഒരിക്കൽ വി. ഫ്രാൻസിസ് അസ്സീസിയോട് അദ്ദേഹത്തിന്റെ ശിഷ്യൻ ലെയോ ചോദിച്ചു: വിശുദ്ധി എന്നാൽ എന്താണ്? ഫ്രാൻസിസ് ഇപ്രകാരം ഉത്തരം പറഞ്ഞു: 'ലെയോ നമ്മൾ ഒരു യാത്ര ചെയ്യുന്നു എന്നു കരുതുക. നേരം വൈകി, നമുക്ക് അന്തിയുറങ്ങാൻ ഇടം കിട്ടുന്നില്ല. അപ്പോൾ നമ്മൾ ഒരു സത്രത്തിന്റെ വാതിലിൽ മുട്ടുന്നു. അവർ വാതിൽ തുറക്കുമ്പോൾ നാം നമ്മുടെ നിസ്സഹായാവസ്ഥ പറയുന്നു: സന്ന്യാസിമാരാണ്, കയ്യിൽ പൈസയില്ല. അന്തിയുറങ്ങുവാൻ സമ്മതിക്കുമോ? അവർ നമ്മെ അവിടെ നിന്നും ഓടിക്കുന്നു. അങ്ങനെ നമ്മൾ ആ നഗരത്തിലെ എല്ലാ സത്രങ്ങളിലും അലയുന്നു. അവസാനം ഗത്യന്തരമില്ലാതെ തണുപ്പു വളരെ കൂടിയപ്പോൾ വിറപൂണ്ട് നാം വീണ്ടും ആദ്യസത്രത്തിൽ വരുന്നു. അവരെ വിളിച്ചുണർത്തി വീണ്ടും നാം കേണപേക്ഷിക്കുന്നു: ഒരിടം തരണേ.... അവർ വലിയ വടികളുമായി വന്ന് നമ്മെ ഓടിക്കുന്നു, ചീത്ത വിളിക്കുന്നു. അടികൊണ്ട് നാം ഓടുമ്പോൾ നമുക്ക് അവരെക്കുറിച്ച് എന്തു തോന്നും? ലെയോ വിശുദ്ധനെ നോക്കി ഒന്നും മിണ്ടാതെ നിന്നപ്പോൾ ഫ്രാൻസിസ് പറഞ്ഞു: നമ്മുടെ മനസ്സിന്റെ അടിത്തട്ടിൽപോലും അവരെക്കുറിച്ച് ഒരു മോശമായ വിചാരവും തോന്നുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നമ്മിൽ വിശുദ്ധിയുണ്ടെന്നാണ്'.

വിശുദ്ധി എന്നത് നമ്മിലെ അവാച്യമായ ശാന്തതയാണ്. അപ്പോൾ അശാന്തത എന്നത് നമ്മുടെ അശുദ്ധിയല്ലേ? ശാന്തത സൃഷ്ടിക്കുന്നതൊക്കെ വിശുദ്ധിയും അശാന്തത സൃഷ്ടിക്കുന്നതൊക്കെ അശുദ്ധിയുമാകാം. നമ്മുടെയുള്ളിലെ ശാന്തമായിരിക്കാനുള്ള, അക്ഷോഭ്യരായിരിക്കാനുള്ള കഴിവ് ദൈവം ദാനമായി തന്നതാണ്. അതു വളർത്തിയെടുക്കാൻ കഴിയണം. പരീക്ഷയിൽ നല്ല സ്ഥാനം കിട്ടുമ്പോൾ അഹങ്കരിക്കാത്തതും, എല്ലായിടത്തും വിളിച്ചു കൂവാത്തതും, സ്വയം പുകഴ്ത്തിപ്പറയാത്തതും മറ്റുള്ളവരെ ഇകഴ്ത്താത്തതും നമ്മിലെ ശാന്തതയുടെ പ്രതിഫലനമാണ്. എല്ലാമെനിക്കറിയാം എന്ന അർത്ഥശൂന്യമായ അഹങ്കാരഭാവത്തിൽനിന്ന് നമുക്കു പുറത്തുകടക്കാം. എനിക്കു കുറച്ചുകൂടി അറിയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നതും, പുതിയ പുതിയ കാര്യങ്ങൾക്കുമുമ്പിൽ ശിശുസഹജമായ ജിജ്ഞാസ പുലർത്താൻ കഴിയുന്നതും എടുത്തു ചാട്ടമില്ലാതെ കാര്യങ്ങളെ നേരിടാൻ കഴിയുന്നതുമൊക്കെ ഈ ശാന്തതയുടെ മറുപുറങ്ങൾ തന്നെയാണ്.



# ഹന്നാ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**എ**ഫ്രായിം മലനാട്ടിലെ എല്ക്കാനായുടെ രണ്ടു ഭാര്യമാരിൽ ഒരുവളാണ് ഹന്നാ. ഹന്നായ്ക്ക് മക്കളില്ലായിരുന്നു. എന്നാൽ പെനീന്നാ എന്ന അവളുടെ സപത്നിക്ക് മക്കളുണ്ടായിരുന്നു. ആണ്ടുതോറും തന്റെ ദൈവമായ കർത്താവിന് ആരാധനയും ബലിയും അർപ്പിക്കാനായി എല്ക്കാന ഷീലോയിലേക്കു പോകുമായിരുന്നു. ബലിയർപ്പണ ദിവസം എല്ക്കാന പെനീന്നായ്ക്കും അവളുടെ മക്കൾക്കും ഓഹരി കൊടുക്കുമായിരുന്നു. എന്നാൽ ഹന്നായ്ക്കാകട്ടെ ഒരംശം മാത്രമേ കൊടുത്തിരുന്നുള്ളൂ, കാരണം അവൾ വന്ധ്യയായിരുന്നു. വന്ധ്യത നിമിത്തം ഹന്നായെ പെനീന്നാ വേദനിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തിരുന്നു. വാക്കുകളുടെ മുറിപ്പെടുത്തലുകൾ അവളുടെ ജീവിതത്തെ ശോകപൂർണ്ണമാക്കി. അസൂയ നിറഞ്ഞ വ്യക്തികളുടെ സ്വാർത്ഥതകൾ മറ്റുള്ളവരുടെ ജീവിതത്തിൽ നൊമ്പരങ്ങൾ സമ്മാനിക്കുന്നു.

യഹൂദചിന്തയിൽ വന്ധ്യത ശാപംനിറഞ്ഞ അവസ്ഥയാണ്. മക്കളില്ലാത്ത സ്ത്രീയുടെ ജീവിതത്തിന്റെ കണ്ണുനീർ ചാലുകൾ പഴയനിയമത്തിൽ നാം ദർശിക്കുന്നുണ്ട്. കാരണം ഇസ്രായേലിനു ദൈവം നൽകിയ അനുഗ്രഹം ഇപ്രകാരമായിരുന്നു: "നിന്റെ സന്തതികൾ ഭൂമിയിലെ പൂഴിപോലെ എണ്ണമറ്റവരായിരിക്കും. കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നിങ്ങൾ വ്യാപിക്കും. നിന്നിലൂടെയും നിന്റെ സന്തതികളിലൂടെയും ഭൂമിയിലെ ഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടും" (ഉൽപ 28,14). അതുപോലെ "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" എന്നതു ദൈവം ആദിമനുഷ്യനു നൽകിയ കല്പനയാണ് (ഉൽപ 1,28). സന്താനങ്ങളും സമ്പത്തും അനുഗ്രഹത്തിന്റെ അടയാളമായി കണ്ടിരുന്ന യഹൂദമനസ്സ് സന്താനരാഹിത്യവും ദാരിദ്രവും ശാപത്തിന്റെ നിദർശനങ്ങളായി കണ്ടിരുന്നു. യഥാർത്ഥ വിശ്വാസത്തിന്റെ വിചിന്തനങ്ങളാണിവിടെ താളം പിഴയ്ക്കുന്നത്. തന്മൂലം അസ്വസ്ഥതയും അന്ധകാരവും നിറഞ്ഞ നിലവിളികൾ ഉയരുന്നു. സ്നേഹശൂന്യമായ നിലപാടുകൾ നാശം വിതയ്ക്കും. തളർച്ചകൾ നേരിടുമ്പോൾ സർവ്വശക്തനിൽ ആശ്രയം കണ്ടെത്തുവാൻ മറക്കരുത് എന്നത്രേ ഹന്നായുടെ പക്ഷം. തന്റെ ജീവിതത്തെ ദൈവതിരുമുമ്പിൽ ചൊരിയുകയായിരുന്നു ഹന്നാ.

ഹൃദയം നൊന്തു കരഞ്ഞു പ്രാർത്ഥിക്കുന്ന ഹന്നായെ പുരോഹിതനായ ഏലി തെറ്റിദ്ധരിക്കുമ്പോൾ അവൾ പറയുന്നു: "കർത്താവിന്റെ മുമ്പിൽ എന്റെ ഹൃദയവിചാരങ്ങൾ ഞാൻ പകരുകയായിരുന്നു. ഈ ദാസിയെ അധഃപതിച്ച ഒരുവളായി വിചാരിക്കരുതേ! അത്യധികമായ ആകുലതയും അസ്വസ്ഥതയും മൂലമാണ് ഞാനിതുവരെ സംസാരിച്ചത്" (1 സാമു 1,15-16). തന്നെത്തന്നെയും തന്റെ സ്വപ്നങ്ങളും ദൈവതിരുമുമ്പിൽ സമർപ്പിച്ച ഹന്നാ ഉത്തരം തെരഞ്ഞത്

പ്രാർത്ഥനയുടെ ആത്മീയ നിറവിൽനിന്നാണ്. അവളുടെ ഹൃദയത്തിൽ ഇനി ഒന്നുമില്ല; ദൈവ തിരുമുമ്പിൽ പകരാത്തതായി. ദൈവകരങ്ങളിലേക്ക് വച്ചുകൊടുക്കാൻ കഴിയാതെ നാം പലപ്പോഴും നൊമ്പരത്തിന്റെ ചുമടുകൾ ചുമലിലേറ്റി നിൽക്കേണ്ടതില്ല എന്നവൾ പഠിപ്പിക്കുക യാണ്. വിശ്വാസത്തിന്റെയും സഹനത്തിന്റെയും ആത്മീയ ശാലയിൽ സ്വയം പകരുവാൻ സാധി ക്കുന്നത് പ്രാർത്ഥനയിലൂടെ മാത്രമാണ്. പുരോഹിതനായ ഏലിയുടെ വാക്കുകൾ അവളെ സ്വാന്തനപ്പെടുത്തുന്നു. "അപ്പോൾ ഏലി പറഞ്ഞു: സമാധാനമായി പോവുക. ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചുതരട്ടെ!" (1 സാമു 1,17). അന്നവൾ തുടച്ച മിഴിനീർ പിന്നീ ടൊരിക്കലും അവളുടെ ജീവിതവഴികളിൽ ഒഴുകിയെത്തിയിട്ടില്ല. മാത്രവുമല്ല; അനുഗ്രഹങ്ങൾ നൽകുന്ന തമ്പുരാനെ അവൾ മറന്നിട്ടുമില്ല.

ഹന്നായുടെ ഉള്ളിലുറഞ്ഞുകൂടിയ ദുഃഖം പ്രാർത്ഥനയായി, വിശ്വാസമായി, വിലാപമായി ദൈവസന്നിധിയിലെത്തി. സ്വയം കൈവിട്ടുനിന്ന അവളെ ദൈവം കനിഞ്ഞനുഗ്രഹിച്ചു. അവ സാനത്തെ ന്യായാധിപനായ സാമുവേൽ പ്രവാചകന് അവൾ ജന്മമേകി.

"ഒരുനാൾ ദൈവികഭവനത്തിൽ
വേദനതിങ്ങും ഹൃദയവുമായ്
ഹന്നാ ചെന്നിദമർത്ഥിച്ചു
കരുണക്കടലേ കനിയണമേ
ഒരു സുതനെ നീ നല്കണമേ
അവളുടെ പ്രാർത്ഥന കൈകൊണ്ടു.
നാഥൻ ശമുവേലിനെ നൽകി. (1 സാമു 1,11)
കണ്ണീരിൻ ഫലമെന്നാലും
വാഗ്ദാനം നിറവേറ്റീടാൻ
തൻപ്രിയ സുതനെ വിനയമോടെ
അവളേകി തിരുസന്നിധിയിൽ" (കൈത്താക്കാലം, വ്യാഴം, ലെലിയ-ഓനീസാ ദ്മൗത്വാ)

ബാലനായ സാമുവേലിനെ കർത്താവിന്റെ മുമ്പിൽ സമർപ്പിക്കുന്ന ഹന്നാ ആനന്ദകീർത്ത നങ്ങൾ പാടുന്നു. "എന്റെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു. എന്റെ ശിരസ്സ് കർത്താവിൽ ഉയർന്നിരിക്കുന്നു" (1 സാമു 2,1). ദൈവകരങ്ങളിൽ കൈവിട്ടുനിന്ന ജീവിതത്തെ ദൈവം തന്റെ തൃക്കരങ്ങളിൽ താങ്ങുന്നത് നാമിവിടെ കാണുന്നു. ജീവിതവഴിയെ തടയണ ചാർത്തുന്ന നൊമ്പര ഭിത്തികൾ ഉയരുമ്പോൾ ലളിതമായ വിശ്വാസം കൊണ്ട് പ്രാർത്ഥനയെ ഉജ്ജ്വലിപ്പിച്ച ഹന്നാ നമുക്ക് മാതൃകയാകട്ടെ.

ഹന്നായുടെ കീർത്തനത്തിൽ കാണാം:-

* **കർത്താവിന്റെ ആശ്രയവും ആനന്ദവും കണ്ടെത്തുക.**
* **അഹന്തയും ഗർവ്വും വെടിയുക.**
* **തന്റെ വിശ്വസ്തരുടെ പാദങ്ങളെ കാക്കുന്ന ദൈവം.**
* **കർത്താവിന്റെ മുമ്പിൽ ഹൃദയവിചാരങ്ങൾ ചൊരിയുക.**



# ട്രാക്ക് തെറ്റി ഓടരുതേ...

**തെരേസ് എസ്.എം.**

"**ആ** ബിൽ ഗേറ്റ്സിന്റെ നമ്പർ എങ്ങനെയെങ്കിലും ഒന്ന് കിട്ടിയിരുന്നെങ്കിൽ..."

"എന്തിനാ അലക്സേട്ടാ, അങ്ങേര് ദാനം ചെയ്യുന്നതിൽനിന്നും വല്ലതും തടയുമോന്നു നോക്കാനാണോ? അതോ എന്നാ മണ്ടത്തരമാ ഇങ്ങേര് കാണിക്കുന്നതെന്നു ചോദിക്കാനാണോ? അതുമല്ലെങ്കിൽ 'ഐ ടൂ' എന്നു പറഞ്ഞ് അങ്ങേർടെകൂടെ കൂടി ഉണ്ടാക്കിക്കൂട്ടിയതെല്ലാം ദാനമായി കൊടുക്കാനാണോ?"

"അത്യാവശ്യം കഴിയാനുള്ള വകയൊക്കെ എനിക്കുണ്ടെടാ ജോണിമോനേ. എനിക്കു പറ്റുന്നതുപോലെ ആവശ്യക്കാരെ സഹായിക്കാനും നോക്കുന്നുണ്ട്. ഉണ്ടാക്കിയ കോടികളെല്ലാം കാരുണ്യപ്രവൃത്തികൾക്കായി നീക്കിവയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണെന്നാ ഞാൻ ചിന്തിക്കുന്നത്".

"ഓ, തട്ടിപ്പോകാറായെന്നു തോന്നിക്കാണും. അല്ലപിന്നെ... അതല്ലെങ്കിൽ ഇത്രേം സമ്പത്തുണ്ടെങ്കിലും സമാധാനം കാണില്ലെന്നേ... എനിക്കുമിപ്പം അതാ പ്രശ്നം. ഞാനായിട്ട് അധികം സമ്പത്തൊന്നും ഉണ്ടാക്കിയിട്ടില്ലെങ്കിലും പപ്പാ തന്നതുകൊണ്ട് മാന്യമായി കഴിയാനുള്ളതൊക്കെയുണ്ട്. പക്ഷേ, ഈ നാട്ടീന്ന് പോകാതെ എനിക്കു സമാധാനം കിട്ടുമെന്നു തോന്നുന്നില്ല. ഒള്ളതെല്ലാം വിറ്റുപെറുക്കി എത്രയും പെട്ടെന്ന് എങ്ങോട്ടെങ്കിലും പോകണം".

"അതെന്നാടാ ഇപ്പം അങ്ങനെയൊരു ചിന്തയൊക്കെ. ഇത്രയും നല്ല വീടും സ്ഥലവുമൊക്കെ ഇനി എവിടെ കിട്ടാനാടാ? ഇവിടെ നിനക്ക് എന്താ ഒരു സമാധാനക്കേട്?"

"അതേയ്, ആ വീടിനും സ്ഥലത്തിനും എന്തോ ഒരു പ്രശ്നമുണ്ട്. ഞാനാഗ്രഹിക്കുന്നതുപോലെയൊന്നും കാര്യങ്ങളൊന്നും നടക്കുന്നില്ല. ബിസിനസും പൊളിയുന്ന ലക്ഷണമാ.

കഴിഞ്ഞവർഷം ലക്ഷങ്ങളുടെ നഷ്ടമാ എനിക്കുണ്ടായത്. ചുറ്റും അസൂയക്കാരാന്നേ. അയൽക്കാരൊക്കെ നമ്മുടെ വിശ്വാസത്തിൽപ്പെട്ടവരൊന്നുമല്ലല്ലോ. അവരു കൂടോത്രം വല്ലതും വച്ചോന്നാ എന്റെ സംശയം".

"ങ്ഹും... കൂടോത്രം, കുന്തം! നിന്റെ പള്ളീപ്പോക്കും പ്രാർത്ഥനയുമൊക്കെ കണ്ടപ്പോൾ ഞാനോർത്തു നീ നല്ല വിശ്വാസമുള്ള ചെറുപ്പക്കാരനാണല്ലോന്ന്. നീ ശരിക്കും അന്ധവിശ്വാസിയാണല്ലേ".

"എനിക്ക് അന്ധവിശ്വാസമൊന്നുമില്ല. അലക്സേട്ടന് കാര്യങ്ങളെല്ലാം അറിയത്തില്ലാത്തതുകൊണ്ടാ. കുറേ വർഷങ്ങളായി എന്തൊക്കെയോ പ്രശ്നങ്ങളുണ്ട്. ഞാൻ വിശ്വാസിയായതുകൊണ്ടല്ലേ പള്ളികളിൽപോയി പ്രാർത്ഥിക്കുന്നത്. ഞാൻ മാത്രമല്ല, എന്റെ രണ്ട് ആൺമക്കളും എല്ലാ ദിവസവും കുർബാനയ്ക്കു പോകുന്നുണ്ട്. കുടുംബപ്രാർത്ഥനയും മുടക്കാറില്ല. വേറെ ചില പ്രാർത്ഥനകളും പ്രത്യേകമായി ചൊല്ലുന്നുണ്ട്. എന്നിട്ടാണോ പറയുന്നത് ഞാൻ അന്ധവിശ്വാസിയാണെന്ന്".

"എടാ ജോണിമോനേ, ഒരു വഴിപാടുപോലെ ഇതെല്ലാം കാട്ടിക്കൂട്ടിയിട്ടു കാര്യമൊന്നുമില്ല. കുറേ പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടിയാൽ ശരിക്കുള്ള വിശ്വാസമുണ്ടെന്നു പറയാനും പറ്റില്ല. എല്ലാ ദിവസവും കുർബാനയ്ക്കു പോകുന്നുണ്ടന്നല്ലേ പറഞ്ഞത്? ഞാനൊന്നു ചോദിക്കട്ടെ, നമ്മുടെ വിശ്വാസപ്രമാണം എങ്ങനെയാ തുടങ്ങുന്നത്?"

"എന്നെ പരീക്ഷിക്കാൻ നോക്കുവാണോ. അതൊക്കെ എനിക്കറിയാം-സർവശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു".

"വിശ്വസിക്കുന്നു എന്നു പറയുന്നത് ഏകദൈവത്തിലാണ് അല്ലേ? അപ്പോൾ വേറെ ദൈവങ്ങൾ നമുക്കില്ലല്ലോ. പിന്നെങ്ങനെയാ കൂടോത്രത്തിലും ആഭിചാരത്തിലുമൊക്കെ വിശ്വസിക്കുന്നത്? അതുപോലെ, ഏകദൈവത്തിനു കൊടുത്തിരിക്കുന്ന വിശേഷണങ്ങളെന്താണെന്നു ശ്രദ്ധിച്ചോ? 'സർവശക്തനും പിതാവും'. ഈ ഭൂമിയിലെ മറ്റു ശക്തികൾക്കെല്ലാം ഉപരിയായ, മക്കൾക്ക് നന്മ വരാൻ ആഗ്രഹിക്കുന്ന പിതാവാണ് നമ്മുടെ ദൈവം". ഇതൊക്കെ ബോധ്യത്തോടെ ചൊല്ലാതെ മറ്റ് ശക്തികളിലൊക്കെ വിശ്വസിക്കുന്നത് ഒന്നാം പ്രമാണത്തിനെതിരാണ് കേട്ടോ".

"അതൊക്കെ ശരിതന്നെയാ. എന്നാലും..."

"ഒരു എന്നാലുമില്ല. അല്ലാത്തതൊക്കെ അന്ധവിശ്വാസങ്ങളാ. വിശ്വാസികളെന്ന് അഭിമാനിക്കുന്ന പലരുടെയും വിശ്വാസങ്ങൾ ഇങ്ങനെയാണെന്ന് എനിക്ക് തോന്നാറുണ്ട്. ഓട്ടമത്സരത്തിൽ ഒന്നാമതെത്തിയാലും ട്രാക്ക് തെറ്റി ഓടിയാൽ സമ്മാനം കിട്ടില്ലെന്നറിയാമല്ലോ. ശരിയായ വിശ്വാസത്തിന്റെ ട്രാക്ക് മാറി അവിശ്വാസത്തിന്റെ വഴിയിലൂടെ ഓടിയാൽ പരാജയമായിരിക്കും ഫലം. നമ്മുടെ പല പ്രശ്നങ്ങൾക്കും കാരണം ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് ജീവിക്കാത്തതാ. ശരിക്കും നമ്മൾ പ്രാർത്ഥിക്കേണ്ടത് അതിനുവേണ്ടിയാതാനും. ങ്ഹാ... ഞാൻ പറയാനുള്ളതു പറഞ്ഞു. നീ തന്നെ ഒന്ന് സ്വസ്ഥമായിരുന്ന് ചിന്തിച്ചുനോക്ക്. ഞാൻ പോകുവാ".

# പറുദീസായിലേയ്ക്കൊരു യാത്ര



**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നാ**ളുകൾക്കുശേഷമാണ് ആ യാത്ര സഫലമായത്. എത്ര സന്തോഷകരമായിരുന്നെന്നോ ആ നിമിഷം! ഒരിക്കലും മറക്കാനാവാത്ത ആ യാത്ര ലക്ഷ്യത്തിലെത്തിച്ചേർന്നിരിക്കുന്നു.

സഹനം സന്തോഷമായി മാറി... കുരിശ് വിജയത്തിന്റെ പ്രതീകമായി... നിറഞ്ഞ കണ്ണുകളും ആശയറ്റ മിഴികളും ശോഭയേറിയതായി മാറി.

മിശിഹാ തന്റെ സ്ലീവാവഴി പറുദീസായിലേക്കുള്ള വഴികാട്ടിത്തന്നതിനെ ഏലിയാ-സ്ലീവാ, മൂശെക്കാലത്തിൽ നമുക്കു ധ്യാനിക്കാം. ഈ കാലത്തിന്റെ ആദ്യദിവസങ്ങളിൽതന്നെ മിശിഹായുടെ രൂപാന്തരീകരണം നാം ധ്യാനവിഷയമാക്കുന്നു (മത്താ 17,1–8). ഇതേപ്പറ്റി പത്രോസ്ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "പിതാവായ ദൈവത്തിൽനിന്നു ബഹുമാനവും മഹത്ത്വവും അവൻ സ്വീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരം മഹിമാപ്രാഭവത്തിൽനിന്ന് അവന്റെ അടുത്തു വരുകയും ചെയ്തു" (2 പത്രോസ് 1,17).

രൂപാന്തരീകരണവേളയിൽ അവന്റെ ചുറ്റും തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരുണ്ടായിരുന്നു. അവൻ തന്റെ കൂടെ എപ്പോഴും ചേർത്തുനിർത്തിയവരാണവർ. അവർക്കു മിശിഹായുടെ രൂപാന്തരീകരണം അതിന്റെ എല്ലാ അർത്ഥത്തിലും വ്യക്തമായില്ല എങ്കിലും, അവിടെ സംഭവിച്ചവയ്ക്ക് അവർ സാക്ഷികളാവുകയായിരുന്നു. രൂപാന്തരീകരണത്തിന്റെ അവസരത്തിൽ അവന്റെ മുഖം ശോഭയുള്ളതായി അവർ ദർശിച്ചു. ഈ ദൈവാനുഭവത്തിൽ തന്നെയായിരിക്കാൻ ആഗ്രഹിച്ച പത്രോസ്ശ്ലീഹാ പറഞ്ഞു: "കർത്താവേ, നാം ഇവിടെയായിരിക്കുന്നതു നല്ലതാകുന്നു"

(മത്താ 17,4). അതുപോലെ തന്നെ മേഘത്തിൽനിന്നും ഒരു സ്വരവും അവർ കേട്ടു. “ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ” (മത്താ 17,5). ഇതെല്ലാം കണ്ടു ഭയവിഹ്വലരായ ശിഷ്യർക്ക് അവസാനം ഈശോയുടെ സ്പർശനവും ധൈര്യപ്പെടുത്തലും ലഭിക്കുന്നു.

ശിഷ്യരുടെ അനുഭവസമ്പത്തുപോലെതന്നെ, അവിടുത്തെ മുഖം ദർശിക്കേണ്ടവരും അവിടുത്തെ സ്വരം ശ്രവിക്കേണ്ടവരും അവിടുത്തെ സാന്നിധ്യവും ദൈവാനുഭവവും സ്വന്തമാക്കേണ്ടവരും അവന്റെ ധൈര്യപ്പെടുത്തലുകൾ സ്വീകരിച്ചു ശക്തരാകേണ്ടവരുമല്ലേ നാം? പറുദീസാ ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയുടെ വിവിധ ഘട്ടങ്ങളിൽ ഇവയിൽനിന്നെല്ലാം നമ്മെ പിന്തിരിപ്പിക്കുന്നവയെ നാം തിരിച്ചറിയേണ്ടതല്ലേ?

നമ്മുടെ ലക്ഷ്യം സ്വർഗം തന്നെയാവണം, നമ്മുടെ യാത്രയും അവിടേയ്ക്കാവണം. നമ്മുടെ സഹനങ്ങൾ, ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങൾ, കഷ്ടതകൾ, ലോകത്തിന്റെ വശ്യതകൾ എല്ലാം മിശിഹായുടെ വിജയം വരിച്ച കുരിശെന്ന യാഥാർത്ഥ്യത്തോടു ചേർത്തുവയ്ക്കാം. ഏലിയാ-സ്ലീവാ, മൂശെക്കാലത്തിൽ അങ്ങനെ, സഭയോടൊപ്പം ഉന്നതത്തിലുള്ളതിനെ ലക്ഷ്യംവച്ച് ഒന്നിച്ചു ചരിക്കാം. മിശിഹായുടെ മഹത്വപൂർണ്ണമായ രണ്ടാം വരവിനെ ധ്യാനിക്കാം. വീണ്ടും, അവന്റെ മുഖദർശനത്തിനായി കാത്തിരിക്കാം. “ഇപ്പോൾ നാം കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും” (1 കൊറി 13,12). നമുക്കു പ്രാർത്ഥിക്കാം.

“ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, രക്ഷകനായ നിന്റെ വെളിപാടിന്റെ അവസരത്തിൽ നിന്റെ മാലാഖമാരുടെ അകമ്പടിയോടുകൂടെ നീ ആഗതനാവുകയും നിന്റെ കല്പനയാൽ ദുഷ്ടന്മാരിൽനിന്നു ശിഷ്ടന്മാരെ വേർതിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങളുടെമേൽ നിന്റെ കരുണ വർഷിക്കണമേ. നിന്റെ മഹത്ത്വമേറിയ മുഖപ്രസാദത്താൽ പ്രകാശിതമായ മുഖപ്രസാദത്തോടുകൂടി നിന്റെ വെളിപാടിനെ അഭിമുഖീകരിക്കുവാനുള്ള വരം ഞങ്ങൾക്കു തരണമേ” (ദ്ബസ്ശാ ശായീൻ, ഏലിയാ-സ്ലീവാക്കാലം).




## നിന്നെയും വിളിക്കുന്നു

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 9400573640**



# ഭ്രാന്ത്

സാബി കോഴിക്കോട്

**നീ** പോടാ................

ചേട്ടായിയെ ഇരട്ടപ്പേർ വിളിച്ചതും അമ്മയുടെ വക അപ്പുവിന്റെ തുടയ്ക്ക് ചെമ്പരത്തിവടി വന്നുവീണതും ഒരേ നിമിഷം തന്നെ സംഭവിച്ചു. വീട്ടിൽ സുലഭമായി ഉണ്ടായിരുന്നതുകൊണ്ടും നയാപൈസാ ചെലവില്ലാത്തതുകൊണ്ടും ചെറുപ്പം മുതൽ അപ്പുവിന്റെ കുസൃതികൾക്ക് മറുമരുന്നായി അമ്മ ഉപയോഗിച്ചിരുന്നത് ചെമ്പരത്തിക്കമ്പുകൾ തന്നെയായിരുന്നു. എത്ര വെട്ടിനശിപ്പിച്ചാലും ഒരു നാണവുമില്ലാതെ വളർന്നുവരുന്ന ചെമ്പരത്തിയെക്കൊണ്ട് അപ്പു പൊറുതിമുട്ടി. എന്തുചെയ്യാം! നന്നാവുകയല്ലാതെ വേറെ നിർവാഹമില്ല. ചെമ്പരത്തി തന്റെ പൂക്കൾ മെല്ലെ ഇളക്കി അവന്റെ തീരുമാനത്തിന് ശരിവച്ചു.

'ചെമ്പരത്തി' എല്ലാ പൂന്തോട്ടങ്ങളിലേയും സ്ഥിരാംഗമായ ഇവൾ വിവിധ വർണ്ണങ്ങളിൽ വിവിധ രൂപങ്ങളിൽ നമ്മുടെ തൊടികളിലും ഹൃദയങ്ങളിലും സ്ഥാനം പിടിച്ചിരിക്കുന്നു. അലങ്കാര സസ്യമായ ഇവൾ നിത്യപുഷ്പിണിയാണ് കേട്ടോ. വളരാൻ പറ്റിയ സാഹചര്യം കിട്ടിയില്ല എന്നു പരാതിപറയുന്ന നമ്മിൽ ചിലരെ ലജ്ജിപ്പിച്ചുകൊണ്ട് ഏതു കാലാവസ്ഥയിലും ഏതു മണ്ണിലും ഇവൾ വളരും. ഒരുപാട് വെള്ളവും വളവുമൊന്നും അവൾക്കു വേണ്ട. കിട്ടിയാൽ പെരുത്ത് സന്തോഷം. കിട്ടിയില്ലേലും യഥേഷ്ടം പൂക്കും കായ്ക്കും. ആരും മൈൻഡു ചെയ്തില്ലെങ്കിലും ഉഷാറായി വളരുന്ന ഇവൾ 'നമ്മുടെ വളർച്ച അപരന്റെ കൈയ്യിലാണെന്നു ശഠിക്കുന്ന' മനുഷ്യകുലത്തിന് ഒരു പാഠപുസ്തകമാണ്.

എന്തുമാത്രം പരാതികളാണ് നാം ഓരോ ദിവസവും തൊടുത്തുവിടുക. എനിക്ക് വളരാൻ ദൈവം നല്ല സാഹചര്യം അനുവദിച്ചില്ല, മാതാപിതാക്കൾ സ്നേഹിച്ചില്ല, കൂട്ടുകാർ സഹായിച്ചില്ല, ബന്ധുക്കൾ തിരിഞ്ഞു നോക്കിയില്ല, അദ്ധ്യാപകർ തിരിച്ചു വ്യത്യാസം കാണിച്ചു.... എന്നിങ്ങനെ ഒടുങ്ങാത്ത ഒരു പട്ടിക നാം നിരത്തിവയ്ക്കുന്നു. ഒരിക്കലെങ്കിലും സാഹചര്യങ്ങളെ വെല്ലുന്ന ഒരു മനക്കരുത്ത് നാം ആർജ്ജിച്ചിരുന്നെങ്കിൽ എത്രയോ ഇരട്ടി താലന്തുകൾ നമ്മിൽ നിന്നും ശേഖരിക്കുവാൻ തമ്പുരാന് കഴിഞ്ഞേനേ!

എത്ര വെട്ടുകൊണ്ടാലും കൂടുതൽ ഉശിരോടെ തളിർക്കുന്നവളാണ് ചെമ്പരത്തി. അപരൻ ഏല്പിച്ച മുറിവുകളിൽ നോക്കി കരഞ്ഞുകൊണ്ടിരിക്കാതെ വീണ്ടും തളിർക്കുവാൻ നമുക്കുമാവണം. മുറിവ് നമ്മുടെ ഓട്ടത്തെ തെല്ലിട തടസ്സപ്പെടുത്തിയേക്കാം. എങ്കിലും ആ മുറിവിൽ നിന്നും അനുഭവം ഉൾക്കൊണ്ട് വീണ്ടും ആരംഭിക്കുവാൻ, മുന്നോട്ടുകുതിക്കുവാനാണ് നമുക്കു വേണ്ടി മുറിയപ്പെട്ടവനായ മിശിഹാ ആവശ്യപ്പെടുക. ഭയം വേണ്ട. ഇനി അങ്ങോട്ടുള്ള യാത്രയിൽ നിന്നെ താങ്ങാൻ അവന്റെ കരം കൂടെയുണ്ട്.

അപരന്റെ ദാഹവും രോഗവും അകറ്റുന്ന ഔഷധമായും ചെമ്പരത്തി നമ്മുടെ വീട്ടിൽ വിരുന്നിനെത്തുന്നു. ചെമ്പത്തരിപ്പൂവുകൊണ്ടുണ്ടാക്കുന്ന ചായ (Hibiscus Tea) കലർപ്പില്ലാത്ത ദാഹശമനിയാണ്. സ്നേഹം, കരുണ, ദയ, ക്ഷമ എന്നിവ യാചിച്ചുകൊണ്ട് നമ്മുടെ ഹൃദയത്തിന്റെ പടിവാതില്ക്കൽ കിടക്കുന്നവർക്ക് അത് കൊടുക്കുവാൻ നാം എന്തിന് ഇനിയും ശങ്കിക്കുന്നു?

കറകൾ അകറ്റി കേശത്തെ സംരക്ഷിച്ച് അഴകുള്ളവളാക്കുന്നു നമ്മുടെ ചെമ്പരത്തി താളി. കേശസംരക്ഷണത്തിനായി എന്തുമാത്രം കാശാണ് നാം ഇന്ന് ചെലവാക്കുക. എന്നാൽ പണ്ടത്തെ സ്ത്രീകളുടെ മുടിയുടെ നാലയൽവക്കത്തുപോലും ചെല്ലാൻ നമ്മെക്കൊണ്ട് ആവുന്നുമില്ല. ഒന്നേ വേണ്ടൂ കണ്ണുതുറന്ന് ചുറ്റുമൊന്നു നോക്കുക. ദൈവം നിധി ഒളിപ്പിച്ചിരിക്കുക അങ്ങ് അകലയെല്ല, നിന്റെ കാൽകീഴിലാണ്.

അതിർത്തി സംരക്ഷിക്കുവാനുള്ള കാവൽക്കാരിയായും ഇവൾ മാറാറുണ്ട്. ഇന്നും പല ഗ്രാമങ്ങളിലും നിലങ്ങളെ തമ്മിൽ വേർതിരിക്കുന്ന വേലിയായി ചെമ്പരത്തിചെടികൾ തീരുന്നു. ആപത്തിൽനിന്നും രാജ്യത്തെ സംരക്ഷിക്കുന്ന ഒരു കാവൽഭടനെപ്പോലെ.... സമൂഹസുസ്ഥിതിക്കായി ദൈവം നമ്മിൽ തീർത്തിരിക്കുന്ന ചില അതിർത്തികളാണ് ധാർമ്മിക മൂല്യങ്ങൾ. ഇവിടെ ഉറങ്ങാത്ത കാവൽക്കാരാകാൻ നാം എന്നു മടിക്കുന്നുവോ അവിടെ ദാമ്പത്യ അവിശ്വസ്തതകളും ഭ്രൂണഹത്യകളും ദയാവധവും ലൈംഗിക അരാജകത്വങ്ങളും കൊലയും കൊള്ളിവെയ്പ്പും.... വളരും. ജീവന്റെ സൂക്ഷിപ്പുകാരാകാനുള്ള നമ്മുടെ വിളി നാം മറന്നുകൂടാ! അല്ലെങ്കിൽ 'നിന്റെ സഹോദരൻ എവിടെ' എന്ന് കായേനോട് ചോദിച്ച ചോദ്യം നമ്മോടും അവിടുന്ന് ആവർത്തിക്കും. പതറിക്കൂടാ... ചെമ്പരത്തിയെപ്പോലെ അപരന് അഴകും ഔഷധവുമേകുന്ന ജീവിതങ്ങളാകുവാൻ നാം മുന്നിട്ടിറങ്ങിയേ തീരൂ.

ചെമ്പരത്തിയെ അതിശ്രേഷ്ഠമാക്കുന്ന ഘടകം അവൾ ഒരു 'പൂജാപുഷ്പ'മാണെന്നുള്ളതാണ്. പാപിയും ബലഹീനനും നിർധനനുമായ മനുഷ്യന്റെ ജീവിതം പുഷ്പാഞ്ജലിയായി ദൈവതിരുമുമ്പിൽ നേദിക്കുമ്പോൾ അവിടുന്ന് അവനിൽ സംപ്രീതനാകുന്നു. അഥവാ ഭക്തന് ദൈവത്തിന്റെ ഹൃദയത്തിലേക്ക് ഒഴുകിയെത്താനുള്ള ചാലായി അവൾ മാറുന്നു.

ഇതുതന്നെയല്ലേ ക്രിസ്ത്യാനികളായ നമ്മുടേയും ദൗത്യം? ദൈവത്തിനായി ദാഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരിലേക്ക് ദൈവസ്നേഹം ഒഴുക്കുന്ന നീർച്ചാലുകളായി മാറുക. ദൈവത്തിന്റെ പ്രസാദമുള്ള മക്കളാക്കി അവരെ വളർത്തുക. ദൈവീകചൈതന്യം അവരുടെമേൽ വിരിക്കുന്ന മേഘത്തണലായി മാറുക. ഇതിന് ഒന്നേ ചെയ്യേണ്ടൂ, എന്നും ദൈവതിരുമുമ്പിൽ അർപ്പിക്കാനുതകുന്ന പൂജാപുഷ്പങ്ങളായി നിലകൊള്ളുക.

ഇത്രമാത്രം ശ്രേഷ്ഠതകളുള്ള ഈ പുഷ്പത്തെ ആരാണാവോ ഭ്രാന്തിന്റെ രൂപകമായി ചിത്രീകരിച്ചത്? മനുഷ്യന്റെ സ്വഭാവമാണല്ലോ എത്ര നന്മയുണ്ടെങ്കിലും ഒരു തിന്മയെങ്കിലും കണ്ടുപിടിക്കുക, പ്രചരിപ്പിക്കുക എന്നത്.

എന്തായാലും നമുക്ക് ഭ്രാന്തിനെയും നന്മയായെടുക്കാം. ചില വികാരങ്ങൾ അളവില്ലാതെ പ്രകടിപ്പിക്കുന്നതിനെയല്ലേ ഭ്രാന്ത് എന്നു വിളിക്കുക? എന്നെ നീ സ്നേഹിച്ചു ഭ്രാന്തനാക്കല്ലേ എന്നൊക്കെ പറയാറില്ലേ! സ്നേഹത്തിന്റെ ഭ്രാന്തരായി മാറിയവരല്ലേ ഫ്രാൻസിസ് അസീസിയും, പൗലോസ് ശ്ലീഹായും മദർ തെരേസയുമൊക്കെ... മഹാത്മാഗാന്ധിയുടെ 'അഹിംസ'യ്ക്കായുള്ള ഭ്രാന്തല്ലേ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തത്. മനുഷ്യരേയും, ദൈവത്തേയും നേടാനുതകുമെങ്കിൽ ഇത്തിരി ഭ്രാന്ത് നമുക്കും നല്ലതാണ്. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ഭ്രാന്തരായി മാറുന്നതിൽ നമുക്കും അഭിമാനം കൊള്ളാം.



# അവൻ എനിക്ക് ആരാണ്?

**അശ്വതി പുതുമന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രിക്കൽ അവൻ എനിക്ക് ആരുമല്ലായിരുന്നു, ഒന്നുമല്ലായിരുന്നു. കാരണം അന്നെനിക്ക് എല്ലാമുണ്ടായിരുന്നു. എന്നെ പരിചരിക്കാൻ ദാസന്മാർ, ദാസികൾ. എന്റെ ആഗ്രഹങ്ങൾ എല്ലാം ഒന്നൊഴിയാതെ നടത്തിത്തരുവാൻ ചുറ്റും പരിചാരകർ. മറുവാക്കുകൾ ഒന്നും പറയാതെ എന്റെ ഇഷ്ടങ്ങളെ മാത്രം പരിഗണിച്ചിരുന്ന ബന്ധുമിത്രാദികൾ.... അന്നെല്ലാം അവർക്കു ഞാൻ അവരുടെ യജമാനന്റെ മകനായിരുന്നു. അവർ ആരാധിക്കുന്ന അവരുടെ യജമാനന്റെ പൊന്നോമന മകൻ.

എന്നാൽ എന്റെ ചിന്തകൾ അപ്രകാരമായിരുന്നില്ല. ഞാൻ, ഞാനാണ് എല്ലാം എന്ന് തെറ്റിദ്ധരിച്ച് ദാനമായി കിട്ടിയതെല്ലാം സ്വന്തമെന്നു കരുതി നഷ്ടപ്പെടുത്തി.

പിന്നെ പിന്നെ തെരുവോരങ്ങൾ, വൃത്തിഹീനമായ കിടപ്പറകൾ, പഴകിയ ഭക്ഷണപൊതികൾ, ഒടുവിൽ പന്നിക്കുഴി. സ്നേഹത്തിൽനിന്നും മാറിപ്പോയ ഞാൻ, ദാനത്തെ നഷ്ടപ്പെടുത്തിയ ഞാൻ, ഉൾക്കാഴ്ച്ചകൾക്കു പകരം പുറം കാഴ്ച്ചകൾക്ക് പ്രാധാന്യം നൽകിയ ഞാൻ. എല്ലാം തെറ്റിപ്പോയി എന്നു തോന്നിയ സമയത്താണ് അവൻ എനിക്ക് ആരായിരുന്നു എന്ന ചിന്ത എന്നെ അലട്ടിയത്. തിരികെ നടക്കാൻ ഇനി പറ്റുമോ എന്ന ആശങ്ക, തിരികെ ചെന്നാൽ സ്വീകരിക്കുമോ എന്ന സംശയം, അതുവരെ ലഭിച്ച സൗഭാഗ്യം ഒന്നും വേണ്ട, ദാസനായാൽ മതി എന്ന എളിയമനോഭാവത്തിലേക്ക് എന്നെ ഉയർത്തിയ അനുഭവം.

ഇതെല്ലാം തിരികെ നടക്കാൻ എന്റെ കാലുകളെ തടഞ്ഞു. എന്റെ കണ്ണുകളെ അന്ധമാക്കി. എന്നാൽ കാത്തിരിക്കുന്ന ഉറക്കമൊഴിഞ്ഞ ആ കണ്ണുകളുടെ സ്നേഹം അകലെയാണെങ്കിലും എന്നെ വലിച്ചടുപ്പിച്ചു. എനിക്കായ് ഒരു ഹൃദയം തുടിക്കുന്നുണ്ട്, എന്നെ കാത്തിരിക്കുന്ന, ആരും മനസിലാക്കിയില്ലെങ്കിലും മനസിലാക്കുന്ന ഒരു പിതാവ് എനിക്കുണ്ട് എന്ന ചിന്ത എന്നെ വല്ലാതെ കരയിപ്പിച്ചു.

മാറത്തടിക്കുന്ന വിലാപത്തോടെ, കുനിഞ്ഞ ശിരസ്സോടെ, വിങ്ങിയ കണ്ണുകളോടെ, കലങ്ങിയ മനസ്സോടെ എന്തിനേറെ നിരാശയാൽ പൊതിഞ്ഞ എന്നെതന്നെ നെഞ്ചോടു ചേർത്ത ആ സ്നേഹം. നിനക്കല്ല നഷ്ടപ്പെട്ടത് എനിക്കു നിന്നെയാണ് നഷ്ടപ്പെട്ടതു മകനെ എന്ന കുറ്റപ്പെടുത്താത്ത തേങ്ങൽ. പഴയതെല്ലാം പഴയതുപോലെ നിനക്കായ് ഇവിടെ എന്റെ ഭവനത്തിൽ ഞാൻ കാത്തുസൂക്ഷിച്ച് ഇതുവരെ കാത്തിരുന്നില്ലേ എന്ന സ്നേഹശാസനം. ഈ സ്നേഹം ഇട്ടുപേക്ഷിച്ചു ആ നിമിഷം മുതൽ ഞാൻ അറിഞ്ഞു അവൻ എനിക്ക് ആരായിരുന്നു എന്ന്.

നീ നിൽക്കുന്ന ചതുപ്പിൽനിന്നും തെറ്റിൽനിന്നും നൈരാശ്യത്തിൽനിന്നും നഷ്ടപ്പെടലിൽ നിന്നും ഒന്നു പുറത്തുവരാൻ ആ പിതാവായ ദൈവം കാത്തിരിക്കുന്നു. മടികൂടാതെ നമുക്ക് കടന്നു ചെല്ലാൻ പറ്റുന്ന ഒരേ ഒരിടം. വന്നുപോയ തെറ്റുകളെ ഓർത്ത് വിലപിക്കാതെ കാത്തിരിക്കുന്ന ദൈവത്തിലേക്ക് മിഴിയുയർത്താം. അവിടെ അറിയാം അവൻ എനിക്ക് എല്ലാം ആയിരുന്നു എന്ന്.

**“ദൂരത്തുവച്ചു തന്നെ പിതാവ് അവനെ കണ്ടു. അവൻ മനസലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു”** (ലൂക്കാ 15,20).

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

**സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.**

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,


ആരാധനവത്സരത്തിൽ ഏലിയാ-സ്ലീവാ, മൂശെക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. നമുക്കറിയാവുന്നതുപോലെ കർത്താവിന്റെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങളിലെ വിചിന്തനവിഷയങ്ങൾ. സെപ്തംബർ പതിനാലാം തിയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽവച്ച് മഹത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മൂശയും ഏലിയായും കാണപ്പെട്ടതുപോലെ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനുമുമ്പും പിമ്പുമായി ഏലിയായുടെയും മൂശയുടെയും പേരിൽ രണ്ടുകാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദത്ത നാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മൂശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയ. പുതിയ ദൈവജനമായ ദൈവമക്കളെ ലോകാവസാനം, മരണം, അന്ത്യവിധി എന്നീ വിഷയങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട്, സ്വർഗീയമഹത്ത്വത്തിനായി ഒരുക്കുവാനുള്ള കാലഘട്ടമായി ഈ കാലത്തെ കരുതി നമുക്ക് അജപാലനശുശ്രൂഷ നിർവ്വഹിക്കാം. പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2022 ആഗസ്റ്റ് 22 മുതൽ 26 വരെയുള്ള തിയതികളിൽ റോമിൽ വച്ച് അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലി നടക്കും. ഇറ്റലി, മാൾട്ടാ, അമേരിക്ക, ഇന്ത്യ എന്നീ നാലു രാജ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ജനറൽ കൗൺസിലംഗങ്ങളും അസംബ്ലിയിൽ പങ്കെടുക്കും. ഈ അസംബ്ലിയിൽ അടുത്ത ജനറൽ കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുകയും അടുത്ത അഞ്ചു വർഷങ്ങളിലേക്കുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള  തീരുമാനങ്ങൾ എടുക്കുകയും ചെയ്യും.

**സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018 എന്ന വിലാസത്തിൽ ബന്ധപ്പെടുക.**




# ദുഷ്ടനെ ദൂരെ അകറ്റുക


**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**''ലോകത്തിന്റെ പ്രശ്നങ്ങൾക്കുള്ള നിർണായക മായ മറുപടി സഭയുടേതാണ്. അധികാരത്തോട് വിധേയപ്പെടുവാനുള്ള ബുദ്ധിമുട്ടിന്റെ പേരിൽ സഭയുടെ പ്രബോധനങ്ങളെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നവരുണ്ട്. ഇത് ദൈവത്തോടു തന്നെയുള്ള എതിർപ്പാണ്".**

***(ദൈവദാസൻ വില്യം ജകചീന്താ)***

**ആ**കെപ്പാടെ അലങ്കോലമാക്കുകയും വികലമായി ചിത്രീകരിക്കപ്പെട്ടു ലോകത്തിന്റെ മുന്നിൽ അവഹേളനപാത്രമാക്കി നിർത്തപ്പെടുകയും ചെയ്തിരിക്കുന്ന ഒരു അവസ്ഥാവിശേ ഷത്തിലേക്കു സീറോ മലബാർ സഭ ഇന്ന് എത്തിയിരിക്കുകയാണ്. ഏറ്റവും പരിപാവനമായി സംരക്ഷിക്കപ്പെടേണ്ട സഭയുടെ ആരാധനക്രമ പൈതൃകത്തെ ഏതാനും 'ജനമുഖ'ക്കാരുടെ വിവേകരഹിതവും ധാർഷ്ട്യം നിറഞ്ഞതുമായ പിടിവാശി മൂലം വിശ്വാസിസമൂഹത്തിന്റെയും അവിശ്വാസികളുടെയും മുന്നിലിട്ടു വലിച്ചുകീറുന്നതിൽ സാത്താൻ നന്നായി കളിക്കുന്നുണ്ട് എന്നതിൽ സംശയമില്ല.സഭയിലൂടെയും അവളെ ഭരമേല്പിച്ചിരിക്കുന്ന അധികാരികളിലൂടെയും സംസാരിക്കുന്ന ദൈവത്തിന്റെ സ്വരത്തിനു കാതോർക്കുവാൻ സാധിക്കാത്ത അനുസരണക്കേടിന്റെ 'പഴയ പാമ്പായ സർപ്പം' ഫണം വിടർത്തിയാടുന്നതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡി യയിലൂടെയും മറ്റും നാമിന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. ഏതുവിധേനയും സഭയെയും സഭാ പ്രബോധനങ്ങളെയും അവളുടെ പാരമ്പര്യങ്ങളെയും ഇകഴ്ത്തി പാടുകയും ആക്രോശങ്ങളും അക്രമവും വഴി സഭാധികാരികളെയും വിശ്വാസികളെയും ഭയപ്പെടുത്തി നിലവിലുള്ള സഭാ സംവിധാനങ്ങളെ തകർത്തു തങ്ങളുടെ വരുതിയിൽ കൊണ്ടുവരികയും ചെയ്യുക എന്ന ഹീന മായ പ്രവൃത്തികൾ ചെയ്യുന്നവർ തങ്ങളുടെ തന്നെ വിധി വിളിച്ചുവരുത്തുകയാണെന്ന കാര്യം അറിയാത്തവരാണെന്നു തോന്നുന്നു.

'പൃഷ്ഠം' കണ്ടുള്ള കുർബാന, 'ഭിത്തി നോക്കിയുള്ള കുർബാന' ഞങ്ങൾക്കു വേണ്ട എന്ന് അലമുറയിടുന്നവർ ഒന്ന് ശ്രദ്ധിക്കുക: വിശുദ്ധ കുർബാനയ്ക്കായി ദേവാലയത്തിൽ നിൽക്കുന്നവർ തങ്ങൾക്ക് മുന്നിലായി നിൽക്കുന്ന ഓരോരുത്തരുടെയും പൃഷ്ഠം നോക്കി കുർബാന അർപ്പിക്കാൻ ഞങ്ങൾക്കു പറ്റില്ല എന്നു പറയാൻ തുടങ്ങിയാൽ പിന്നെ പള്ളിയിൽ കുർബാനയ്ക്ക് ഒരാളും ഉണ്ടാവില്ല എന്ന് എന്തേ ചിന്തിക്കാത്തത്? വിശ്വാസികൾ ദൈവത്തിലേക്കാണ് തങ്ങളുടെ കണ്ണുകളും ഹൃദയവും തിരിച്ചു നിൽക്കുന്നത്. അല്ലാതെ തങ്ങളുടെ മുന്നിൽ നിൽക്കുന്നവരെ കണ്ട് ആരാധിക്കുകയല്ല അവരുടെ ലക്ഷ്യം.

ഇത്തരത്തിൽ വിശ്വാസി സമൂഹത്തിന് സാധിക്കുമെങ്കിൽ എന്തുകൊണ്ടു കർത്താവിന്റെ കല്ലറയുടെ സാദൃശ്യമായ ബലിപീഠത്തിലേക്ക്, പ്രിയ നവോത്ഥാനവാദികളേ നിങ്ങൾക്കു നിങ്ങളുടെ ഹൃദയവും മനസ്സും ഉയർത്തി പ്രാർത്ഥിക്കാൻ കഴിയുന്നില്ല?

സഭയിലൂടെയും സഭാധികാരികളിലൂടെയുമുള്ള ദൈവത്തിന്റെ സംസാരം ഈശോയുടെ കല്പനയാണ് എന്നതു നിങ്ങൾ മറന്നു പോകുന്നതാണോ? "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു, നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു, എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (ലൂക്കാ 10:16) എന്ന് ഈശോ തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇക്കാര്യങ്ങൾ ആരോ വിശുദ്ധ ഗ്രന്ഥത്തിൽ വെറുതെ എഴുതിവച്ചതാണ് എന്നാവാം 'ജനാഭിമുഖ'ക്കാരുടെ അഭിപ്രായം. പരിശുദ്ധ സിംഹാസനത്തെ പോലും വെല്ലുവിളിക്കുകയും മാർപാപ്പയുടെ നിർദ്ദേശങ്ങൾക്ക് പുല്ലുവിലപോലും കൽപ്പിക്കുകയും ചെയ്യാത്തവർക്ക് എങ്ങനെ വിശ്വാസി സമൂഹത്തെ സത്യത്തിലേക്കും അനുസരണയിലേക്കും നയിക്കാൻ കഴിയും? ഇതെല്ലാം കാണുന്ന ഒരു വിശ്വാസിക്ക് പരിശുദ്ധമായി പരികർമ്മം ചെയ്യപ്പെടുന്ന കൂദാശകളിൽ മുൻവിധിയോടെയും അവിശ്വാസത്തോടെയും എതിർപ്പിന്റെ ചിന്തകളോടെയുമല്ലാതെ എങ്ങനെ പങ്കെടുക്കാനാകും? സഭാ ശരീരത്തിന്റെ ശിരസായ മിശിഹായുടെ അവയവങ്ങളായ സഭാ സന്താനങ്ങളെ ഐക്യത്തിൽ ഒന്നിപ്പിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? ഭിന്നതയുടെ ആത്മാവിനെയല്ലേ ഇപ്പോൾ നിങ്ങൾ തുറന്നു വിട്ടിരിക്കുന്നത്?

"നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,19). സ്വർഗ്ഗരാജ്യത്തിലേക്ക്, രക്ഷയിലേക്ക് പ്രവേശിക്കുവാനും പ്രവേശിപ്പിക്കുവാനുമുള്ള നിർണായകമായ ഈ അധികാരത്തെ വിശ്വാസീസമൂഹം എങ്ങനെയാണ് വിലമതിക്കേണ്ടതെന്ന് പ്രിയ 'ആരാധനക്രമ പരിഷ്കർത്താക്കളേ, ഒന്നു വ്യക്തമാക്കാമോ?' ഗോതമ്പു പോലെ പാറ്റാൻ (ലൂക്കാ 22,31) വേണ്ടി സഭാമക്കളെ സാത്താന് വിട്ടുകൊടുക്കാൻ എങ്ങനെ നിങ്ങൾക്ക് സാധിക്കുന്നു? അനുസരണമെന്നത് എക്കാലവും ബുദ്ധിമുട്ടേറിയ കാര്യം തന്നെയാണ്. പത്രോസ് ആകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്ന സഭ വിശുദ്ധയാണ് എന്നതിനൊപ്പം പാപികളുടെയും സമൂഹമാണല്ലോ. പത്രോസിന്റെ പിൻഗാമിയിലൂടെ സഭയോടു സംസാരിക്കുന്നത് പരിശുദ്ധാത്മാവു തന്നെയാണ് എന്നതു വിശ്വസിക്കുവാൻ കഴിയാത്തതുകൊണ്ടും 'ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്' എന്ന പിടിവാശി മൂലവും അല്ലേ ഇന്നത്തെ ഈ പ്രശ്നങ്ങൾ ഇത്രയും വഷളാക്കിയത്? പ്രിയപ്പെട്ടവരേ, ചിന്തിക്കുക. മാർപാപ്പയിലൂടെയും മെത്രാന്മാരിലൂടെയും സഭയിൽ പ്രബോധനപരമായ ശുശ്രൂഷ നിർവഹിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് തന്നെയാണ് സഭയോടു സംസാരിക്കുന്നത്. അതുകൊണ്ടു നാം സഭയുടെ ചിന്തകളെ, പ്രബോധനങ്ങളെ അറിയുകയും പഠിക്കുകയും ചെയ്യണം. തെറ്റു പറ്റാതിരിക്കാൻ സഭയെ കേൾക്കണം. സഭയുടെ പ്രബോധനങ്ങൾ വളരെ ഗൗരവത്തോടെ കണ്ട് അതിന് വിധേയരാകുവാൻ കഴിയണം. ആരാധനക്രമത്തിന്റെ ശരിയായ അനുഷ്ഠാനത്തിലൂടെ ദൈവതിരുമുൻപിൽ ലോകത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ആണു നാം വിളിക്കപ്പെട്ടിരിക്കുന്നത്.

പ്രിയപ്പെട്ടവരേ, ദൈവം നമ്മെ സഭയിൽ ഉൾചേർത്തു എന്നതു ദൈവത്തിന്റെ വലിയ സമ്മാനമാണ്. അതുകൊണ്ട് സഭയോട് നമുക്ക് ആദരവും ബഹുമാനവും സ്നേഹവും വിശ്വസ്തതയും അനുസരണാമനോഭാവവും പ്രതിബദ്ധതയും ഉണ്ടായിരിക്കണം. സഭയെ ശ്രവിക്കുമ്പോൾ ഈശോയെ ശ്രവിക്കുന്നു, സഭയിൽ വിശ്വസിക്കുമ്പോൾ ഈശോയിൽ വിശ്വസിക്കുന്നു, സഭയിൽ ജീവിക്കുമ്പോൾ ഈശോയിൽ ജീവിക്കുന്നു, സഭയിൽ പ്രാർഥിക്കുമ്പോൾ ഈശോയോടു കൂടി പ്രാർത്ഥിക്കുന്നു. അങ്ങനെ സഭയിലൂടെ പിതാവിലേക്കുള്ള വഴിയായ ഈശോയുമായുള്ള ബന്ധം വളർത്തി പിതാവിൽ നമുക്ക് എത്തിച്ചേരാം.



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

കുരിശിന്റെ പാതയിൽ സഞ്ചരിച്ചു സ്വർഗത്തിൽ മഹത്വം നേടിയ അമ്മേ, ഞങ്ങളും കുരിശിന്റെ പാതയിൽ നടക്കേണ്ടിവരുമ്പോൾ, കുരിശിനെ ജയിച്ച മിശിഹായെ നോക്കി യാത്ര ചെയ്യുവാൻ വേണ്ട കൃപയ്ക്കായ് നീ പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം:**

നിയമങ്ങൾക്കു വിധേയയായി ജീവിക്കുകയും ജീവിക്കാൻ ഈശോയെ പഠിപ്പിക്കുകയും ചെയ്ത പരിശുദ്ധ അമ്മേ, നിന്റെ തിരുക്കുമാരനെപ്പോലെ പ്രമാണങ്ങളെയും പ്രവാചകന്മാരെയും ആദരിച്ചനുസരിക്കാനും നിയമത്തിനു വിധേയരായി ജീവിക്കുവാനും വേണ്ട കൃപയ്ക്കായ് നീ പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം:**

സ്വർഗത്തിന്റെ രാജ്ഞിയായി തിരുസ്സഭയുടെ അമ്മയായി ഉയർത്തപ്പെട്ട പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതയാത്രയുടെ അന്ത്യത്തിൽ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായെ കണ്ടെത്തുവാൻവേണ്ടി ഞങ്ങൾ ഈ ഭൂമിയിലായിരിക്കുമ്പോൾ, നിഷ്കളങ്കരും പ്രസന്നവദനരും നിർമ്മലഹൃദയരുമായി ജീവിക്കാൻവേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം:**

കുരിശിൻചുവട്ടിൽ നിന്നു സഹിച്ച് കുരിശിന്റെ മഹത്വം കാണിച്ചുതന്ന പരിശുദ്ധ അമ്മേ, കുരിശിലാണു ഞങ്ങളുടെ രക്ഷയെന്നും, കുരിശാണു ഞങ്ങളുടെ സംരക്ഷണമെന്നും മനസ്സിലാക്കി, ജീവിതാന്ത്യം വരെ കുരിശിനെ നോക്കി പുഞ്ചിരിക്കുവാൻ, സഹനങ്ങളിൽ തളരാതിരിക്കുവാൻ വേണ്ട കൃപയ്ക്കായ് നീ പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം:**

അന്ധകാരശക്തികളുടെമേൽ വിജയംനേടിയ പരിശുദ്ധ അമ്മേ, ഈ ലോകജീവിതത്തിൽ അന്ധകാരത്തിന്റെ ആധിപത്യത്തിൽ കഴിയുന്ന ഞങ്ങൾക്കു വിശുദ്ധ സ്ലീവായാൽ വിജയംവരിച്ച മിശിഹായെ ധ്യാനിക്കുവാനും ദുഷ്ടനെ പരാജയപ്പെടുത്തുവാനുംവേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

ആദം തന്നിൽനിന്ന് ഓടിയൊളിച്ചു എന്നു കണ്ട ജീവന്റെ വൃക്ഷം കഠിനദുഃഖത്തിലായി. അതു കന്യകയായ ധരയിലേക്കു താണ് മണ്ണിനടിയിലായി. പിന്നീടത് ഗോഗുൽത്തായിൽ ഉയിർത്തു പ്രകാശിച്ചു. പക്ഷിയെപ്പോലെ, സ്വന്തഭവനത്തിലെത്തിച്ചേരാൻ മനുഷ്യകുലം അതിനെ പിൻചെന്ന്, അതിൽ അഭയംതേടി. പീഡിപ്പിക്കുന്നവർ പീഡിപ്പിക്കപ്പെടുന്നു. പീഡിതരായ പ്രാവുകൾ പറുദീസായിൽ സന്തോഷിക്കുന്നു.

(മാർ അപ്രേം കന്യാത്വഗീതങ്ങൾ 16,10).



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th August 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

***"കർത്താവേ, നിന്റെ സമാധാനം
ലോകത്തിന്റെ നാനാഭാഗങ്ങളിലും
സ്ഥാപിക്കണമേ. നിന്റെ സ്ലീവാവഴി തിരുസ്സഭയെ
ഉറപ്പിക്കുകയും അവളുടെ സന്താനങ്ങളെ
സംരക്ഷിക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങൾ
സഭയിൽ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
ആരാധനയും എപ്പോഴും സമർപ്പിക്കുവാനിടയാകട്ടെ".
(ഏലിയ - സ്ലീവാ, മൂശെക്കാലം: ഞായർ - റംശാ)***

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal